# ക്രൈസ്തവ വനിത

**July - August 2022**



A fundamental Christian bi-monthly publication of the women, by the women, for the family

2022
July - August

Volume XV
Issue 4

# ക്രൈസ്തവ വനിത

## താളുകൾ മറിക്കുമ്പോൾ


| | | | |
|---|---|---|---|
| ➢ സ്ഥാനഭ്രഷ്ടയായ വസ്ഥിരാജ്ഞി | - | മേരി അഞ്ചൻ | 1 |
| ➢ നിശ്ശബ്ദ സേവനത്താൽ ദൈവത്തെ ... | - | ജോയമ്മ സാംസൺ | 2 |
| ➢ അമ്മമാർ ഭൂമിയിലെ മാലാഖമാരാകണം | - | എൽസി ബേബി | 4 |
| ➢ ജീവിതത്തിലെ അർദ്ധരാത്രിയെ ... | - | തങ്കമ്മ സാം | 7 |
| ➢ ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോൻ | - | അന്നമ്മ സി. ജോൺ | 9 |
| ➢ സ്ത്രീകളും വിശുദ്ധിയും | - | സാറാമ്മ ശശി | 11 |
| ➢ ഭാഗികമായ അനുസരണം | - | ജെസ്സി ബെൻസെൻ | 12 |
| ➢ പ്രശ്നസാദ്ധ്യതാ മേഖലകൾ | - | ഡോ. ഉമ്മൻ ഫിലിപ്പ് | 14 |
| ➢ മതം മാറ്റമല്ല മനം മാറ്റം | - | ഡോ. കുഞ്ഞുമോൻ ചാക്കോ | 18 |
| ➢ യെരുശലേമിലേക്കുള്ള യേശുവിന്റെ യാത്ര | - | മോളിക്കുട്ടി ചാക്കോ | 20 |
| ➢ FINDING JOY IN ADVERSE CIRCUMSTANCES | - | Dr. Helen Abraham | 24 |
| ➢ Quest -84 | - | | Cover iv |


Cover photo of Queen of the night (Epiphyllum Oxypetalum)
by Dr. Charles John, Trivandrum

ക്രൈസ്തവ വനിതയിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിലെ ആശയങ്ങളുടെ ഉത്തരവാദിത്തം ലേഖനകർത്താക്കൾക്കാണ്. - എഡിറ്റർ

ലേഖനങ്ങൾ, കത്തുകൾ എന്നിവ
**ക്രൈസ്തവ വനിത, ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം 695011**
എന്ന വിലാസത്തിൽ സദയം അയയ്ക്കുക

**CHRISTIAN WOMAN**
*For private circulation only*

Editorial Board
Founder Editor
Annamma Charles John
Chief Editor
Mrs. Mary Anchan
Associate Editor
Mrs. Sherine Kingston
Sub Editor
Mrs. Sobha Selin

Telephone: 0471-2448079
E-mail: shanthisadan@gmail.com
Mob: 9087144349

*Editorial*

# സ്ഥാനഭ്രഷ്ടയായ വസ്ഥിരാജ്ഞി



യഹൂദാ ചരിത്രത്തിൽ അത്യുന്നതസ്ഥാനം വഹിക്കുന്ന എസ്ഥേറിന്റെ പുസ്തകത്തിൽ 'ദൈവം' എന്നോ 'യഹോവ' എന്നോ ഒരു പദം നാം കാണുന്നില്ല. എന്നാൽ സകല തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവോദ്ദേശ്യമില്ലാതെ ഒരു വാക്കുപോലും തിരുവെഴുത്തിൽ ഇല്ല.

ലോക ചരിത്രത്തിലെ ഏറ്റവും വലിയ യുദ്ധങ്ങളിൽ ഒന്നായിരുന്നു ബി.സി. 450-ൽ നടന്ന സലാമിസ് യുദ്ധം. മഹാനായ അഹശ്വരോശ് രാജാവ് ഹിന്തുദേശം (ഇന്ത്യ) മുതൽ ഐത്യോപ്യ വരെ 127 സംസ്ഥാനങ്ങളുടെ അധിപനായിരുന്നു. അദ്ദേഹം ഗ്രീസുമായുള്ള യുദ്ധത്തിനായി നാലു വർഷക്കാലം ചെയ്ത ഒരുക്കങ്ങളുടെ ബന്ധത്തിലാണ് എസ്ഥേർ ഒന്നാം അദ്ധ്യായത്തിലെ അതിഗംഭീരമായ വിരുന്നു നടന്നത്. തന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ സകല പ്രഭുക്കന്മാർക്കും, ഭൃത്യന്മാർക്കും തന്റെ രാജകീയ മഹത്ത്വത്തിന് ഉതകുന്ന രീതിയിൽ 180 ദിവസം നീണ്ടുനിന്ന വിരുന്ന് ശൂശൻ രാജധാനിയിൽ ഒരുക്കി. അതേ സമയം രാജ്ഞി വസ്ഥിയും അന്തഃപുരത്തിൽ സ്ത്രീകൾക്കായി ഒരു പ്രത്യേക വിരുന്നൊരുക്കി.

അഹശ്വരോശ് രാജാവും, സകല പ്രഭുക്കന്മാരും വീഞ്ഞുകുടിച്ച്, മദോന്മത്തരായിരുന്നപ്പോൾ, രാജസന്നിധിയിലെ സേവകരായ ഏഴുപേരെ വിളിച്ച് സുന്ദരിയായ വസ്ഥിരാജ്ഞിയെ കിരീടം ധരിപ്പിച്ച്, സദസ്സിലേക്ക് ആനയിക്കുവാൻ രാജാവ് കല്പിച്ചു. മദോന്മത്തരായ അതിഥികളുടെ മുമ്പിൽ തന്റെ ശരീരം പ്രദർശിപ്പിക്കുവാൻ രാജ്ഞി തയ്യാറായിരുന്നില്ല. അവൾ രാജമര്യാദയ്ക്കും സ്ത്രീത്വത്തിനും സംസ്ക്കാരത്തിനും അനുയോജ്യമല്ലാതിരുന്ന രാജകല്പന നിഷേധിച്ചു. ഫലമോ, വസ്ഥിരാജ്ഞി ഇനി ഒരിക്കലും രാജസന്നിധിയിൽ പ്രവേശിച്ചുകൂടാ എന്ന രാജാജ്ഞ ഒരിക്കലും മാറ്റാത്ത വിധം മേദ്യരുടെയും, പാർസികളുടെയും രാജധർമ്മത്തിൽ എഴുതുകയും ചെയ്തു. അങ്ങനെ അവൾ രാജ്ഞി പദത്തിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ടു. എന്നാൽ ഈ സംഭവം, മശിഹായുടെ ലോകാവതാരത്തിനായി തിരഞ്ഞെടുക്കപ്പെട്ട യഹൂദ ജാതിയുടെ അതിപ്രധാന ചരിത്രത്തിന്റെ വഴിത്തിരിവായിരുന്നു. യഹൂദജാതിയുടെ രക്ഷയ്ക്കും ഉദ്ധാരണത്തിനുമായി ദൈവം തിരഞ്ഞെടുത്തിരുന്ന എസ്ഥേർ എന്ന യഹൂദ അടിമപ്പെൺകുട്ടി വസ്ഥിരാജ്ഞിക്കുപകരം രാജ്ഞിയായിത്തീർന്നു എന്നത് മനുഷ്യ ബുദ്ധിക്കു അഗോചരമായിരുന്നു. വസ്ഥിരാജ്ഞിക്കോ ലോകപ്രകാരം അവർക്കുണ്ടായിരുന്ന സകല പദവികളും നിമിഷത്തിനുള്ളിൽ ഇല്ലാതായി.

ആധുനിക കാലത്ത് വിശ്വാസികളെന്നു അഭിമാനിക്കുന്നവരിൽ പലരുടെയും വേഷവിധാനങ്ങൾ അധിക്ഷേപാർഹവും, ലജ്ജാകരവുമാണ്. ശരീരത്തിന്റെ മിക്ക ഭാഗങ്ങളും മറയ്ക്കാതെ പൊതുസ്ഥലങ്ങളിൽ പ്രദർശന വസ്തുവായി മാറിയിരിക്കുന്നു. യുവതികളായ മക്കളെ വെല്ലുന്ന രീതിയിൽ വേഷമണിയുന്ന മാതാക്കളും കുറവല്ല. ഒരു ക്രിസ്തീയ വനിത എപ്രകാരം ജീവിക്കണമെന്നുള്ള സകല പ്രബോധനങ്ങളും വിശുദ്ധവേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് മിക്കവരുടെയും ബൈബിൾ ഓൺലൈനിലാണ് (Online). സഭായോഗങ്ങൾക്കുപോലും അനേകർ തങ്ങളുടെ ഫോൺ ആണുപയോഗിക്കുന്നത്. ഇക്കാലത്തെ ഫോണുകളിൽ വേദപുസ്തകം, ക്യാമറാ, ന്യൂസുകൾ മുതലായവ ഉൾക്കൊണ്ടിരിക്കുന്നതും ഉപകാരമായി. വിശുദ്ധവേദപുസ്തകം വായിച്ചു പഠിക്കുന്ന ഏതൊരു വനിതയ്ക്കും മാതൃകാപരമായ ജീവിതം നയിക്കുവാൻ സാധിക്കും.

പുറജാതിസ്ത്രീ ആയിരുന്ന വസ്ഥിരാജ്ഞിക്കുണ്ടായിരുന്ന ആത്മാഭിമാനമോ, സ്ത്രീത്വത്തിന്റെ വിലയോ അനേക ക്രിസ്തീയ വനിതകൾക്കു ഇല്ല എന്നത് എത്രയോ ഖേദകരം! ദൈവവചനം പഠിക്കുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും ഈ അന്ത്യകാലത്തു കർത്താവു നമുക്കു കൃപ നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**മേരി അഞ്ചൻ, തുംകൂർ**
*ചീഫ് എഡിറ്റർ*

# നിശ്ശബ്ദ സേവനത്താൽ ദൈവത്തെ മഹത്ത്വപ്പെടുത്തിയ ശിഷ്യ



ജോയമ്മ സാംസൺ, കൊല്ലം

ആദിമസഭയിൽ തങ്ങളുടെ പ്രവൃത്തികൾകൊണ്ടു ദൈവത്തെ മഹത്ത്വപ്പെടുത്തിയ അനേകം സ്ത്രീകളെ കാണാം. കെംക്രയസഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബ, കർത്താവിൽ വളരെ അദ്ധ്വാനിച്ചവരായ ത്രുഫൈന, ത്രുഫോസ, പെർസിസ്, മറിയ, പ്രിസ്കില്ല, കർത്താവിൽ വിശ്വസ്തയായ ലൂദിയ, പൗലൊസിനോടുകൂടെ സുവിശേഷഘോഷണത്തിൽ പോരാടിയിരുന്ന ലുവൊദ്യ, സുന്തുക, ദൈവത്തിലുള്ള നിർവ്യാജവിശ്വാസത്തിന്റെ ഉടമകളായ ലോവീസ്, യൂനീക്ക എന്നിവരെല്ലാം ഇത്തരുണത്തിൽ ശ്രദ്ധേയരായ മഹിളാരത്നങ്ങളത്രേ. ഇവരെക്കൂടാതെ സൽപ്രവൃത്തികൾകൊണ്ടുള്ള നിശ്ശബ്ദസേവനത്താൽ ദൈവത്തെ മഹത്ത്വപ്പെടുത്തിയ ഒരു ശിഷ്യ ഉണ്ടായിരുന്നു - തബീഥാ (അപ്പൊ. 9:36-43).

"യോപ്പയിൽ പേടമാൻ എന്നർത്ഥമുള്ള തബീഥാ എന്നു പേരുള്ളോരു ശിഷ്യ ഉണ്ടായിരുന്നു. അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തുപോന്നവളായിരുന്നു" (അപ്പൊ. 9:36).

തബീഥ എന്ന പേരിനർത്ഥം പേടമാൻ എന്നാണ്. സൗന്ദര്യം വേഗത എന്നിവയെ ദ്യോദിപ്പിക്കുവാൻ കവികൾ സ്ത്രീകളെ പേടമാനിനോട് ഉപമിക്കാറുണ്ട്. തബീഥയെ സംബന്ധിച്ചിടത്തോളം ഈ നാമധേയം അന്വർത്ഥമായിരിക്കുന്നു. സൽപ്രവൃത്തികളാൽ അലങ്കരിക്കപ്പെട്ട ഈ സ്ത്രീ കർത്താവിന്റെ ഒരു ശിഷ്യയായിരുന്നു.

ആരാണു ശിഷ്യ? ഗുരുപാദപീഠത്തിലിരുന്നു ദൈവവചനം പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയാണ് ശിഷ്യ. അനേകം ശിഷ്യന്മാരെ നമുക്കു പുതിയനിയമത്തിൽ കാണുവാൻ സാധിക്കും. എന്നാൽ ശിഷ്യ എന്നു നാമകരണം ചെയ്തിട്ടുള്ളത് ഒരുവൾക്കു മാത്രം. അവളാണു തബീഥാ. ഒരു ശിഷ്യന്റെ വിശേഷണങ്ങൾ പലതും തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. "തന്നിൽ വിശ്വസിച്ച യഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി.." (യോഹ. 8:31). യേശുവിനോടുകൂടെ സമയം ചെലവഴിക്കയും വചനം പഠിക്കുകയും യേശു സ്നേഹിച്ചതുപോലെ സ്നേഹിക്കുകയും ചെയ്യുന്ന ജീവിതമാണ് ശിഷ്യത്വജീവിതം. നിയമമല്ല, സ്നേഹമാണ് ശിഷ്യത്വത്തിന്റെ പ്രമാണം. "ഗുരുവിനെപ്പോലെ ആകുന്നതു ശിഷ്യനു മതി" (മത്താ. 10:25). യേശുവിനെക്കുറിച്ചു അറിയുന്നവരെല്ലാം ശിഷ്യരല്ല. കർത്താവിന്റെ കാലത്ത് അനേകം വിശ്വാസികളുണ്ടായിരുന്നു. എന്നാൽ ശിഷ്യന്മാർ ചുരുക്കമായിരുന്നു. യേശുവിനെ അനുസരിച്ചു ജീവിക്കുന്നവരാണു ശിഷ്യർ. ക്രിസ്തുവിൻ പത്രങ്ങളാണവർ. സ്വയത്തെ ത്യജിച്ചവരാണവർ. സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിനോടു ചേർന്നിരിക്കുന്ന കൊമ്പുകളാണവർ. ആത്മീയഫലം കായ്ക്കുകയാണവരുടെ ലക്ഷ്യം. സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവയാണ് അവരിൽ നിന്ന് ഉത്ഭവിക്കുന്ന സത്ഫലം. ഇവ അവർക്കും മറ്റുള്ളവർക്കും ഒരുപോലെ ആസ്വാദ്യകരമത്രേ. തബീഥാ തന്റെ താലന്തുകളൊക്കെ ദൈവനാമമഹത്ത്വത്തിനായി ഉപയോഗിച്ചതിനാൽ തന്റെ

ശിഷ്യത്വം വിലമതിക്കപ്പെട്ടു. നമ്മുടെ കർത്താവിന്റെ ദിവ്യസ്വഭാവത്തിന്റെ പകർച്ച തന്റെ ശിഷ്യയിലും വ്യാപരിക്കുന്നതായി നമുക്കു കാണാൻ സാധിക്കും. കാരണം അവൾ വളരെ മനസ്സലിവുള്ളവളായിരുന്നു. തന്മൂലം അവൾ വളരെ സൽപ്രവൃത്തികളും ധർമ്മങ്ങളും ചെയ്തു പോന്നിരുന്നു. നമ്മുടെ വിശ്വാസം സൽപ്രവൃത്തികളിലൂടെ പ്രദർശിക്കപ്പെടുമ്പോൾ ദൈവനാമം മഹത്ത്വപ്പെടും. കാരണം നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെ. 2:10).

സദൃശവാക്യങ്ങൾ 31-ാം അദ്ധ്യായത്തിൽ കാണുന്ന ഉത്തമസ്ത്രീക്കു സമാന്തരമായി പുതിയനിയമത്തിൽ കാണുന്ന ഉത്തമസ്ത്രീയാണ് തബീഥാ എന്നു വേണമെങ്കിൽ പറയാം. “അവൾ തന്റെ കൈ എളിയവർക്കു തുറക്കുന്നു; ദരിദ്രന്മാരുടെ അടുക്കലേക്കു കൈ നീട്ടുന്നു” (സദൃ. 31:20). ഈ വാക്യത്തിന്റെ അന്തസ്സത്ത തബീഥാ തന്റെ ജീവിതത്തിൽ പകർത്തി. അനാഥരെയും വിധവമാരെയും അവൾ തന്നാൽ ആവോളം സഹായിച്ചു. അതിനായി അവൾ തനിക്കു അറിയാവുന്ന തൊഴിൽ ദൈവനാമമഹത്ത്വത്തിനായി പ്രയോജനപ്പെടുത്തി. അല്പമാം ഉപകരണം കൊണ്ടു നല്പ്പെഴുന്ന മഹത്തായ വേല ചെയ്യുവാൻ ദൈവാത്മാവ് അവളിലൂടെ പ്രവർത്തിച്ചു. മോശെയുടെ കരത്തിലെ വടി പോലെ, ബാലന്റെ കൈയിലെ അപ്പം, ദാവീദിന്റെ കൈയിലെ കവണയും കല്ലും പോലെ അവളും തന്റെ കൈയിലെ സൂചി കർത്താവിന്റെ കൈയിലേക്കു കൊടുത്തു. ദൈവം അതിലൂടെ പ്രവർത്തിച്ചു. ദൈവശക്തിയുടെ വ്യാപാരരംഗം നല്ല നല്ല കുപ്പായങ്ങൾ തുന്നുവാൻ അവളെ സമർത്ഥയാക്കി. അനാഥരും വിധവമാരുമായ അശരണർക്കു അവൾ കുപ്പായങ്ങൾ തുന്നിക്കൊടുത്ത് അവരെ ധന്യരാക്കി.

‘‘എളിയവനോടു കൃപ കാട്ടുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു; അവൻ ചെയ്ത നന്മെക്കു അവൻ പകരം കൊടുക്കും” (സദൃ. 19:17).

‘‘എളിയവനെ പീഡിപ്പിക്കുന്നവൻ അവന്റെ സ്രഷ്ടാവിനെ നിന്ദിക്കുന്നു; ദരിദ്രനോടു കൃപ കാണിക്കുന്നവനോ അവനെ ബഹുമാനിക്കുന്നു” (സദൃ. 14:31).

“എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ; അനർത്ഥദിവസത്തിൽ യഹോവ അവനെ വിടുവിക്കും” (സങ്കീ. 41:1)

“.... നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ട് സന്ദർശനദിവസത്തിൽ ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം...” (1 പത്രൊ. 2:11,12).

പ്രിയദൈവമക്കളേ, നാം ചെയ്യുന്ന സൽപ്രവൃത്തികൾക്കു ഈ ലോകത്തിലും പരലോകത്തിലും നമുക്കു പ്രതിഫലം കിട്ടും. കാരണം നാം സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണ്. നാം ദൈവമക്കളായി തീർന്നതിനു ശേഷമുള്ള സൽപ്രവൃത്തികൾക്കാണ് ദൈവം പ്രതിഫലം ഒരുക്കിയിരിക്കുന്നത്. അതിനു മുമ്പു ചെയ്യുന്ന നീതി പ്രവൃത്തികൾ ഒക്കെയും കറ പിരണ്ട തുണിപോലെയത്രെ (യെശ. 64:6). രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ കുഞ്ഞാടിന്റെ കാന്തയുടെ വേഷം ശുദ്ധവും ശുഭ്രവുമായ വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാകുന്ന വിശേഷവസ്ത്രമാണ്. രക്ഷിക്കപ്പെട്ടപ്പോൾ ദൈവത്തിന്റെ നീതിയുടെ അങ്കിയാൽ അവർ ഉടുപ്പിക്കപ്പെട്ടു (യെശ. 61:10). തുടർന്നുള്ള വിശ്വാസ ജീവിതത്തിൽ ക്രിസ്തുവിൽ വസിച്ചുകൊണ്ടു ചെയ്ത പ്രവർത്തനങ്ങൾ വഴിയായി മറ്റൊരു വിശേഷവസ്ത്രം ദൈവകൃപയാൽ തുന്നപ്പെടുന്നു. ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും, സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായും, സൽപ്രവൃത്തികൾക്കായും അവർ വിനിയോഗിക്കുന്ന അവരുടെ ധനവും, സമയവും, ശക്തിയും, കഴിവും വിശേഷ വസ്ത്രത്തിന്റെ ശോഭയേറിയ ഇഴകളായി രൂപപ്പെടുന്നു (വെളി. 19:8).

ശേഷം പേജ് 6 കാണുക

# അമ്മമാർ ഭൂമിയിലെ മാലാഖമാരാകണം

എൽസി ബേബി, ന്യൂ യോർക്ക്



**"ഞാ**ൻ എന്തെല്ലാം ആയി തീർന്നുവോ അതിനെല്ലാം ഞാൻ കടപ്പെട്ടിരിക്കുന്നത് ഭൂമിയിലെ മാലാഖയായ എന്റെ മാതാവിനോടാകുന്നു" അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കന്റെ വാക്കുകളാണിത്. ഇന്ന് എത്രപേർക്ക് തങ്ങളുടെ അമ്മമാരേക്കുറിച്ച് ഇങ്ങനെ പറയാനാകും? ഒരു പെൺകുട്ടി വിവാഹിതയാകുന്നതോടെ ഭാര്യാപദത്തിലേക്കുയരുന്നു. അവൾ മക്കളെ പ്രസവിക്കുമ്പോൾ ഒരു മാതാവായി അവരോധിക്കപ്പെടുന്നു. ഒരു സ്ത്രീക്ക് ഈ ഭൂമിയിൽ വച്ചു ലഭിക്കാവുന്ന ഏറ്റവും ഉന്നത പദവിയാണ് അവൾ ഒരു മാതാവാകുക എന്നത്. തനിക്കു ലഭിച്ച പദവിയെ ഒരു മാലാഖയാക്കാനും, ഒരു ദുഷ്ട സ്ത്രീയാക്കാനും അവൾക്കു കഴിവുണ്ട്. അതവളുടെ കഴിവ്! ഭൂമിയിൽ ദൈവം സ്ഥാപിച്ചിരിക്കുന്ന സ്വർഗ്ഗമാണ് സന്തുഷ്ട കുടുംബജീവിതം. "ഭാര്യാഭർത്താക്കന്മാർ, മാതാപിതാക്കളായി സന്തോഷത്തോടെ കഴിയുന്ന ഒരു കുടിലാണ് വിലാപം നിറഞ്ഞ കൊട്ടാരത്തെക്കാൾ മെച്ച"മെന്ന് ചൈനീസ് പഴമൊഴിയുണ്ട്. "സ്ത്രീകളിൽ ജ്ഞാനിയായവൾ തന്റെ വീടുപണിയുന്നു. ഭോഷത്വമുള്ളവളോ അതു സ്വന്തം കൈകളാൽ പൊളിച്ചുകളയുന്നു"! "ബഹുനിക്ഷേപവും, അതോടുകൂടെ കഷ്ടതയും ഉള്ളതിനേക്കാൾ ദൈവഭക്തിയോടുകൂടെ അല്പം ധനമുള്ളത് നന്ന്"! "കലഹത്തോടുകൂടെ വീടുനിറയെ യാഗഭോജനത്തിലും സ്വസ്ഥതയോടുകൂടിയ ഒരു കഷണം ഉണങ്ങിയ അപ്പം ഏറ്റവും നല്ലത്"! ഇവയൊക്കെ ജ്ഞാനിയായ ശലോമോന്റെ ജ്ഞാനോപദേശങ്ങളാകുന്നു. ഒരു ഭവനത്തിൽ ഭാര്യയും, ഭർത്താവും ഒരുപോലെ ശ്രമിച്ചാൽ മാത്രമേ കുടുംബജീവിതം വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ. ദൈവിക മാനങ്ങളെ കാത്തു സൂക്ഷിക്കുന്നവർക്കു മാത്രമേ സന്തുഷ്ട കുടുംബം പണിതുയർത്തുവാൻ സാധിക്കയുള്ളൂ. വിവാഹജീവിതത്തിൽ ദൈവം ദാനമായി നല്കുന്ന മക്കളെ സന്തോഷത്തോടെ വാങ്ങി അവരെ ദൈവത്തിന്നായി വളർത്തുക എന്നതാണ് മാതാപിതാക്കന്മാരുടെ കടമ. "ഇതാ ഞാനും നീ എനിക്കുതന്ന മക്കളും" എന്നു പറഞ്ഞുകൊണ്ട് ദൈവസന്നിധിയിൽ നില്ക്കേണ്ടവരാകുന്നു മാതാപിതാക്കൾ എന്ന ബോദ്ധ്യത്തോടെ വേണം ജീവിക്കുവാൻ. "മക്കൾ എല്ലാവരും യഹോവയാൽ ഉപദേശിക്കപ്പെട്ടവരും അവരുടെ സമാധാനം വലിയതുമായിരിക്കട്ടെ" എന്ന ഉദ്ദേശ്യത്തോടെ മക്കളെ വളർത്തുവാനുള്ള ഹൃദയഭാരവും, പ്രാർത്ഥനയും, മാതാപിതാക്കന്മാർക്കുണ്ടായിരിക്കേണ്ടതാകുന്നു. ശിശുക്കൾ ശൈശവപ്രായം മുതൽ മാതാപിതാക്കന്മാരുടെ സാന്നിദ്ധ്യവും, സാമീപ്യവും, വാത്സല്യവും, സ്നേഹവും ആവോളം അനുഭവിച്ചുവേണം വളരുവാൻ. മാതാവിന്റെ മാറിലെ ചൂടേറ്റ് അമ്മിഞ്ഞപാൽ നുകർന്നു കുടിച്ചു വളരുന്ന പൈതങ്ങൾക്കു ലഭിക്കുന്ന സംതൃപ്തിയും സന്തോഷവും അവർ വളരുന്തോറും ആ മാതാവിനോടു പറ്റിചേരുവാനും, മാതാവിനെ മാലാഖയായി കരുതുവാനും ഇടയാക്കുന്നു. അതു ലഭിക്കാതെ വരുമ്പോൾ അവരറിയാതെ തന്നെ അവരുടെ പിഞ്ചു ഹൃദയങ്ങളിലുളവാകുന്ന കോപവും, വൈരാഗ്യവും, പ്രതികാരേച്ഛകളും, സ്നേഹക്കുറവുമെല്ലാം അവർ വളരുന്തോറും അവരിൽ വളർന്ന് യൗവ്വന പ്രായത്തിലെത്തുമ്പോൾ സാമൂഹ്യവിരുദ്ധസ്വഭാവങ്ങ

ളായി പുറത്തുവരുന്നു. മദ്യപാനം, മയക്കുമരുന്ന്, ലൈംഗികാസക്തി, കള്ളത്തരങ്ങൾ, കൊലപാതകം എന്നിവയ്ക്ക് അവർ അടിമകളായി തീരുവാനിടയാകുന്നു. മാതാപിതാക്കൾ ഈ അപകടസാദ്ധ്യതകളെ മനസ്സിലാക്കി വേണം മക്കളെ വളർത്തുവാൻ. മാതാപിതാക്കളുടെ സ്നേഹം നിറഞ്ഞ സംരക്ഷണത്തിൽ നിന്നാണ് അവർ തങ്ങളെ സ്നേഹിക്കുന്നു, കരുതുന്നുവെന്ന് മക്കൾ മനസ്സിലാക്കുന്നത്. മക്കളുമായി ഹൃദയം തുറന്ന് ആശയ വിനിമയം ചെയ്യുവാൻ മാതാപിതാക്കൾ മനഃപൂർവ്വം സമയം കണ്ടെത്തേണ്ടതാകുന്നു. മക്കളെ അവരുടെ ഇഷ്ടാനുസരണം ജീവിക്കാൻ അനുവദിക്കണമെന്നും, പ്രായപൂർത്തിയാകുമ്പോൾ അവരവർക്കു ബോധിച്ച ധാർമ്മിക മൂല്യങ്ങൾ തിരഞ്ഞെടുക്കുവാൻ അവർക്കു സ്വാതന്ത്ര്യം നല്കണമെന്നും പറഞ്ഞ് ഒരു സന്ദർശകൻ പ്രസിദ്ധ കവിയായ 'കോളറിഡ്ജിന്റെ" അടുക്കൽ വന്ന് തന്റെ വാദം സമർത്ഥിക്കാൻ ശ്രമിച്ചു. കോളറിഡ്ജ് മൗനമായി എല്ലാം കേട്ടു. സന്ദർശകനെ തന്റെ ഉദ്യാനത്തിലേക്കാനയിച്ചു. കളകളും, കാട്ടുചെടികളും, മാത്രം വളർന്നുനില്ക്കുന്ന ഒരിടം അദ്ദേഹത്തെ കാണിച്ചു. സന്ദർശകൻ പുച്ഛത്തോടെ "ഇതാണോ ഉദ്യാനം?' ഇതു വെറും കാടല്ലേ?" എന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞു "എന്റെ എസ്റ്റേറ്റിൽ ഞാൻ ശ്രദ്ധിക്കാതെ വെറുതേ ഇട്ടിരുന്ന സ്ഥലമാണിത്. എന്തെല്ലാം സ്വാഭാവികമായി വളരുമോ അവയെല്ലാമാണ് ഇവിടെ വളർന്നു നില്ക്കുന്നത്. വരൂ! മറ്റൊരിടം കാണിക്കാം എന്ന് പറഞ്ഞ് താൻ സാധാരണ സായാഹ്നം ചെലവഴിക്കാറുള്ള തന്റെ പൂന്തോട്ടം കാണിച്ചു. മനോഹരങ്ങളായ പലയിനം പുഷ്പങ്ങൾ സുഗന്ധം പരത്തി വിരിഞ്ഞു നില്ക്കുന്ന മനോഹരമായ പൂവാടി "ഇതു ഞാൻ ശ്രദ്ധയോടെ വളർത്തുന്ന എന്റെ പൂന്തോട്ടം! ഇവിടെ മാത്രമേ സുന്ദര സുനങ്ങൾ വിടരുകയുള്ളൂ". ഇവ തനിയേ വളർന്നതല്ല; ഞാൻ മനഃപൂർവ്വം ശ്രദ്ധയോടെ വളർത്തിയവയാകുന്നു"! ഇതുപോലെയാണ് മക്കളെ അവരവരുടെ സ്വാഭാവികതയ്ക്കു വിട്ടാലുള്ള ഫലം. യാതൊരു നന്മയും അവരിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല. അച്ചടക്കവും, ധാർമ്മികതയും സ്വഭാവ രൂപീകരണവും തനിയേ ഉണ്ടാകുന്നതല്ല. ശൈശവ പ്രായം മുതൽ മക്കളെ മാതാപിതാക്കൾ വളർത്തേണ്ട വിധം വളർത്തി എടുക്കേണ്ടതാകുന്നു. മക്കളെ ഈ ലോകത്തിലെ പ്രഭുക്കന്മാരായും, ഉന്നത ബിരുദധാരികളായും, ധനികരായും വളർത്തുവാനുള്ള ബദ്ധപ്പാടിലാണ് ഇന്നു പല മാതാപിതാക്കളും. അവർക്കിഷ്ടം പോലെ വളരുവാനുള്ള സ്വാതന്ത്ര്യം നല്കി വളർത്തുന്ന മക്കളാണ് ഇന്ന് സാമൂഹ്യ വിരുദ്ധ സ്വഭാവങ്ങളുമായി മാതാപിതാക്കൾക്കും സമൂഹത്തിനും തലവേദനയായിരിക്കുന്നത്. മക്കൾക്കു വേണ്ടി കരഞ്ഞു പ്രാർത്ഥിക്കുന്ന എത്ര മാതാപിതാക്കൾ കാണും? മാതാപിതാക്കളും മക്കളും ഒന്നിച്ചിരുന്നു പ്രാർത്ഥിക്കയും, ഹൃദയം തുറന്നു സംസാരിക്കയും, അന്യോന്യം സ്നേഹിക്കയും, ആദരിക്കയും ചെയ്യുന്ന ഭവനങ്ങളാണ് യഥാർത്ഥ സന്തുഷ്ട ഭവനം.

പ്രസിദ്ധ പ്രസംഗകരും, സഭാപിതാക്കളുമായ ജോൺ വെസ്ലിയുടെയും, ചാൾസ് വെസ്ലിയുടെയും മാതാവായ സൂസന്ന വെസ്ലി വാസ്തവത്തിൽ ഈ ഭൂമിയിലെ മാലാഖയായിരുന്നു. 18 മക്കളെ പ്രസവിച്ചു വളർത്തിയ ആ മാതാവിന്റെ പ്രാർത്ഥനാ ജീവിതം പ്രസിദ്ധിയാർജ്ജിച്ച ഒന്നായിരുന്നു. ഭർത്താവ് പല ആത്മിക വിഷയങ്ങളിൽ വ്യാപൃതനായി പുറത്തു പ്രവർത്തിക്കുമ്പോൾ ഭവനത്തിനകത്തു കുടുംബകാര്യങ്ങളിൽ എത്രയോ ബദ്ധപ്പാടുള്ള ഒരമ്മയായിരുന്നുവെന്ന് ഊഹിക്കാമല്ലോ. എത്ര ബദ്ധപ്പാടുള്ള കുടുംബ ജീവിതത്തിന്നിടയിലും തന്റെ ഓരോ മക്കളുടേയും കൂടെ ഇരുന്നു പ്രാർത്ഥിക്കുവാൻ സൂസന്ന സമയം കണ്ടെത്തിയിരുന്നു എന്നു മാത്രമല്ല അവരുടെ ഭൗതികവും, ആത്മികവുമായ വിഷയങ്ങളിൽ ശ്രദ്ധ ചെലുത്തി, പ്രാർത്ഥിച്ചു വളർത്തിയതിന്റെ ഫലമായി തന്റെ രണ്ടു മക്കൾ ലോക പ്രസിദ്ധിയാർജ്ജിച്ച ആത്മീയ പ്രഭുക്കളായി, പ്രസംഗകരായി അനേകരെ ക്രിസ്തുവിലേക്കാകർഷിക്കുന്ന ഉപകരണമായിത്തീർന്നു.

മക്കളെ ബാലശിക്ഷയിലും ശിക്ഷണ ത്തിലും വളർത്തുവാനുള്ള ചുമതല മാതാപിതാക്കൾക്കുണ്ട്. മാതാപിതാക്കൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതും ഒന്നിച്ചും വേറിട്ടും പ്രാർത്ഥിക്കുന്നതും കണ്ടു വേണം മക്കൾ വളരുവാൻ. മക്കളുടെ തെറ്റുകളുടെ മുമ്പിൽ കണ്ണടയ്ക്കുന്നത് കൂടുതൽ തെറ്റുകൾ ചെയ്വാൻ പ്രചോദനമായിരിക്കും. കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടുമെന്നും, കുറ്റവാളികൾ ശിക്ഷാർഹരാണെന്നുമുള്ള ബോദ്ധ്യം കുഞ്ഞുങ്ങളിൽ ചെറുപ്പം മുതലേ അങ്കുരിപ്പിക്കേണ്ടതാകുന്നു. കുറ്റം ചെയ്താൽ ശിക്ഷ ലഭിക്കയില്ല എന്ന ധാരണ കൂടുതൽ കുറ്റങ്ങൾ ചെയ്വാനുള്ള വളമായിത്തീരും. സദാ വിമർശന വിധേയരായികഴിയുന്ന മക്കൾ മറ്റുള്ളവരെ പരിഹസിക്കുന്നവരായും, വിധിക്കുന്നവരായും വളരും. സ്നേഹം ലഭിക്കാതെ പകയോടെ വളർത്തപ്പെടുന്ന മക്കൾ മത്സരികളും, കോപമുള്ളവരും, ദുശ്ശാഠ്യക്കാരുമായി വളരും. അതേ സമയം പ്രോത്സാഹനവും, പ്രശംസകളും, അഭിനന്ദനങ്ങളും ലഭിച്ചുവളരുന്ന മക്കൾ ആത്മാഭിമാനമുള്ളവരും, ആത്മവിശ്വാസവുമുള്ള ഉത്തമ പൗരന്മാരായി വളരും. എപ്പോഴും മറ്റുകുട്ടികളുമായി താരതമ്യപ്പെടുത്തുന്ന കുട്ടികൾ ഫലം കെട്ടവരായിട്ടായിരിക്കും വളരുക.

മാതൃകാപരമായ സന്തുഷ്ടകുടുംബങ്ങളാണ് ഇന്നു നമ്മുടെ സമൂഹത്തിന് ആവശ്യം. ദൈവഹിത പ്രകാരമുള്ള വിവാഹം, മാതൃകാപരമായി ജീവിക്കുന്ന മാതാപിതാക്കൾ, നല്ല ശിക്ഷയിലും, ശിക്ഷണത്തിലും വളരുന്ന മക്കൾ! അങ്ങനെയുള്ള സന്തുഷ്ട ഭവനങ്ങൾ പണിയപ്പെടട്ടെ എന്ന് ആഗ്രഹിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു.

---

പേജ് 3 ന്റെ തുടർച്ച *(നിശ്ശബ്ദ സേവനത്താൽ ദൈവത്തെ മഹത്ത്വപ്പെടുത്തിയ ശിഷ്യ)*

രക്ഷിക്കപ്പെടാത്തവർ ചെയ്യുന്ന നല്ല പ്രവൃത്തികൾക്കൊക്കെയും ഈ ഭൂമിയിൽ തന്നെയാണ് പ്രതിഫലം കിട്ടുന്നത്. കാരണം സ്വർഗ്ഗത്തിൽ ദൈവത്തിന്റെ പുസ്തകത്തിൽ അവരുടെ പേരില്ല. അവരുടെ പേര് മണ്ണിലാണ് എഴുതപ്പെടുന്നത് (യിരെ. 17:13).

ഒരുനാൾ തബീഥാ മരിച്ചു. അവളുടെ മരണം യോപ്പയിലെ വിശ്വാസികൾക്ക് വേദനാജനകമായിരുന്നു. അവളെ കുളിപ്പിച്ചു മാളികമുറിയിൽ കിടത്തി. അതിനുശേഷം അവർ പത്രൊസിനെ ആളയച്ചു വരുത്തി. വിധവമാർ തബീഥാ തങ്ങളോടുകൂടെ ഉണ്ടായിരുന്നപ്പോൾ ഉണ്ടാക്കിക്കൊടുത്ത കുപ്പായങ്ങളും ഉടുപ്പുകളും കാണിച്ചുകൊണ്ടു കരഞ്ഞു. പത്രൊസ് അവരെയൊക്കെയും പുറത്താക്കിയ ശേഷം മുട്ടുകുത്തി പ്രാർത്ഥിച്ചു. "തബീഥയേ എഴുന്നേൽക്ക" എന്നു അവളോടു പറഞ്ഞു. അവൾ കണ്ണുതുറന്നു. പത്രൊസിനെ കണ്ടു (പത്രൊസിന് യായിറോസിന്റെ മകളെ കർത്താവ് ഉയിർപ്പിച്ച രംഗം ഓർമ്മ വന്നു കാണും. പത്രൊസും ആ സമയത്ത് യേശുവിനോടുകൂടെ ഉണ്ടായിരുന്നല്ലോ). തബീഥായുടെ ഉയിർത്തെഴുന്നേല്പ് ദൈവസഭയ്ക്ക് ആഹ്ലാദവിഷയമായി. പലരും കർത്താവിൽ വിശ്വസിച്ചു. യോപ്പയിലുടനീളം ദൈവനാമം മഹത്ത്വപ്പെടുവാനിടയായി.

തബീഥായെപ്പോലെ നാമും സൽപ്രവൃത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവരാണ്. അതിനായി ദൈവം നമുക്കു പല താലന്തുകളും കൃപാവരങ്ങളും തന്നിട്ടുണ്ട്. സഹായിപ്പാനുള്ള കഴിവ്, ആശ്വസിപ്പിക്കാനുള്ള കഴിവ്, പ്രാർത്ഥിക്കുവാനുള്ള കഴിവ്, പ്രസംഗിക്കുവാനുള്ള കഴിവ്, സുവിശേഷം അറിയിക്കുവാനുള്ള കഴിവ്, പാടുവാനുള്ള കഴിവ്, എഴുതുവാനുള്ള കഴിവ് ഇങ്ങനെ വിവിധ തരത്തിലുള്ള കൃപാവരങ്ങൾ നമുക്കോരോരുത്തർക്കും ലഭിച്ചിട്ടുണ്ട്. ഒരു കൃപാവരം പോലും ലഭിക്കാത്തവർ ആരുംതന്നെ കാണുകയില്ല. നമുക്കു ലഭിച്ചിട്ടുള്ളത് ഏതു താലന്താണെന്നു മനസ്സിലാക്കി അത് ദൈവനാമമഹത്ത്വത്തിനായി ഉപയോഗിക്കാം. ദൈവം നമ്മെ ലോകത്തിന്റെ വെളിച്ചമാക്കി വെച്ചിരിക്കയാണ്. മനുഷ്യർ നമ്മുടെ നല്ല പ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന്നു നമ്മുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5:16). ആകയാൽ പ്രിയ സഹോദരിമാരേ നമ്മുടെ പ്രവൃത്തികൾ കൊണ്ടു നമുക്കു ദൈവത്തെ മഹത്ത്വപ്പെടുത്താം.

# “ജീവിതത്തിലെ അർദ്ധരാത്രിയെ നീതിസൂര്യന്റെ പ്രകാശമായ പകലാക്കി”

**അപ്പൊ. പ്രവൃ. 16:16-34**

**തങ്കമ്മ സാം, തിരുവനന്തപുരം**



“കൂരിരുൾ താഴ്വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ...” സങ്കീ. 23:4. ഒരു സാക്ഷാൽ ദൈവപൈതലിന്റെ ഉറപ്പും ധൈര്യവും. നമ്മെ വിളിച്ചു തന്റെ മക്കളാക്കി ത്തീർത്തവൻ സർവ്വശക്തനും വിശ്വസ്തനും ആണ്. ജീവിതത്തിന്റെ ഏതു സാഹചര്യ ത്തിലും നമ്മെ പരിപാലിക്കാം എന്നു പറഞ്ഞ വൻ സങ്കീ. 121, വാക്കുപറഞ്ഞാൽ മാറാത്ത വൻ. ഏതൊരു മനുഷ്യന്റെയും-ദൈവപൈത ലാകട്ടെ ലോകമനുഷ്യനാകട്ടെ-ജീവിതം സുഖ ദുഃഖസങ്കരമാണ്. ദൈവപൈതലിന്റെ ജീവിത ത്തിലെ ഏതു പ്രതിസന്ധിയും - കഷ്ടത, രോഗം, ദാരിദ്ര്യം, ശത്രുഭയം ഇതെല്ലാം ജീവി തത്തിൽ അനുവദിക്കുന്ന ദൈവത്തിനു ഒരു ഉദ്ദേശ്യമുണ്ട്. ഇയ്യോബിന്റെ ജീവിതം അതു നമ്മെ പഠിപ്പിക്കുന്നു. ദൈവം അറിയാതെ യാതൊന്നും സംഭവിക്കുകയില്ല; നാം അവയെ എങ്ങനെ നേരിടുന്നു, നേരിടണം അതാണ് പ്രധാനം. ദൈവഹിതപ്രകാരം, അവന്റെ ആലോചനപ്രകാരം പ്രതിസന്ധികളെ നേരിടാം. തിരുവചനത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കാം.

പൗലൊസിന്റെയും ശീലാസിന്റെയും ജീവിതത്തിലെ ഒരു അർദ്ധരാത്രി; അവർ ആ അർദ്ധരാത്രിയെ നീതിസൂര്യൻ അതിശോഭ യോടെ ഉദിച്ചുവരുന്ന ഒരു പകലാക്കി എങ്ങനെ തീർത്തു? ആഭിചാരം കൊണ്ട് തന്റെ യജമാന ന്മാർക്കു ലാഭം ഉണ്ടാക്കി കൊടുത്തുകൊണ്ടി രുന്ന ഒരു ബാല്യക്കാരത്തി അ.പ്ര.16:16-19. പൗലൊസ് അവളിലുള്ള ഭൂതത്തെ പുറത്താക്കി. അവൾ ഭൂതബാധമാറി സുബോധമുള്ളവളായി ആഭിചാരം നിർത്തി. തങ്ങളുടെ ലാഭത്തിന്റെ ആശ പൊയ്പോയതറിഞ്ഞു, അവളുടെ യജ മാനന്മാർ അപ്പൊസ്തലന്മാരെ വലിച്ചിഴച്ചു അധിപതികളുടെ മുമ്പിൽ കൊണ്ടു ചെന്ന് അതികഠിനവും വ്യാജവുമായ കുറ്റാരോ പണങ്ങൾ ചുമത്തി. അധിപതികൾ അവരെ വസ്ത്രമുരിഞ്ഞു വളരെ അടിപ്പിച്ചിട്ട്, കാരാഗൃഹ പ്രമാണിയെ ഏല്പിച്ചു. കൊടും കുറ്റവാളികളെ പ്പോലെ അതിസൂക്ഷ്മതയോടെ കാപ്പാൻ കല്പന കൊടുത്തു. V20-23. ഇങ്ങനെയുള്ള കല്പന ലഭിക്കുകയാൽ അവൻ അവരെ അകത്തെ ഉള്ളറയിൽ ആമത്തിൽ ഇട്ട് പൂട്ടി. V24. രക്ഷപ്പെടുവാൻ ഒരു മാർഗ്ഗവുമില്ലെന്നു ഉറ പ്പുവരുത്തിയശേഷം ധൈര്യത്തോടെ പോയി കിടന്നുറങ്ങി.

പൗലൊസും ശീലാസും അടികൊണ്ട് മുറിവേറ്റവരും ദേഹമാസകലവും രക്തം വാർന്നൊലിച്ചു അതിവേദനയിലുമായിരുന്നു. ബന്ധനത്തിൽ ഇരുട്ടറയിലും ആയിരുന്നു. അർദ്ധരാത്രിയിൽ ആ വേദനയെല്ലാം മറന്നു, പരാതിയോ പിറുപിറുപ്പോ കൂടാതെ, ദൈവത്തെ പഴിക്കാതെ, സന്തോഷത്തോടെ പ്രാർത്ഥിച്ചു. ഉച്ചത്തിൽ ദൈവത്തെ പാടിസ്തുതിച്ചു, മഹ ത്വപ്പെടുത്തുന്ന വിശ്വാസവീരന്മാർ! ആ സ്ഥാ നത്തു നാമായിരുന്നെങ്കിൽ എന്തായിരുന്നേനേം അവസ്ഥ? ചിന്തിക്കുക. അന്ധകാരം നിറഞ്ഞ ജീവിതാനുഭവങ്ങളിലും സഹായമറ്റെന്നും തോന്നുന്ന അവസ്ഥയിലും ദൈവപൈതൽ ഭയപ്പെടേണ്ടാ; നമ്മെ രക്ഷിക്കുവാൻ അവൻ കൂടെയുണ്ട്: തളർന്നു പോകേണ്ടാ, ‘അന്ധകാ രത്തിൽ നിന്നും തന്റെ അത്ഭുതപ്രകാശത്തി ലേക്കു നമ്മെ വിളിച്ചവന്റെ സൽഗുണങ്ങളെ

ഘോഷിപ്പാൻ' തിരഞ്ഞെടുക്കപ്പെട്ടവരാണു നാം. 1 പത്രൊ. 2:9 'അതുകൊണ്ട്; ഉറങ്ങുന്നവനേ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേല്ക്ക: എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും'' (എഫെ. 5:14-16). അതേ പ്രകാശം നാം മറ്റുള്ളവർക്കു പകർന്നു കൊടുക്കണം. ഉറങ്ങുന്നവർ മരിച്ചവരുടെ ഇടയിലാണ് "ആത്മീയമരണം". നാം ദൈവത്തെ അറിയാത്തവർക്ക് അർത്ഥാൽ രക്ഷിക്കപ്പെടാത്തവർക്കു രക്ഷയുടെ മാർഗ്ഗം കാട്ടിക്കൊടുക്കുന്നവരാകണം. 'കുറെക്കൂടെ ഉറക്കം, കുറെക്കൂടെ കൈകെട്ടിക്കിടപ്പ്, കുറെക്കൂടെ നിദ്ര' സദൃ.വാ. 6:10. മടിയനാണ് അവൻ. അതികഠിനമായ വേദനയും പരിഹാസവും നിന്ദയും ഏറ്റപ്പോഴും ദൈവത്തെ പാടിസ്തുതിക്കുവാൻ ദൈവദാസന്മാർക്കു കഴിഞ്ഞു. ദൈവപൈതലിനു മാത്രമേ അതു കഴിയുകയുള്ളൂ. നമ്മുടെ കർത്താവാണ് നമ്മുടെ മാതൃക. എപ്പോഴും സന്തോഷിപ്പിൻ എന്ന ആപ്തവാക്യം പ്രാവർത്തികമാക്കി നമുക്കു മുന്നേറാം.

തടവുകാർ ശ്രദ്ധിച്ചു കേൾക്കുകയാണ്. നമ്മെ ശ്രദ്ധിക്കുന്നവർ നമ്മിൽ നിന്നും എന്താണ് കേൾക്കുന്നത്? നമ്മുടെ മാതാപിതാക്കൾ, പിതാമഹന്മാർ എത്ര എരിവോടെ ക്രിസ്തീയ ജീവിതം നയിച്ചു? നാമോ? ചിന്തിക്കാം. ഓരോ വിശ്വാസ ഭവനങ്ങളിൽ നിന്നും അതികാലത്തും സന്ധ്യാവേളകളിലും ആത്മീയഗീതങ്ങളും വചനധ്യാനവും പ്രാർത്ഥനയും ആയിരുന്നു മുഴങ്ങി കേട്ടിരുന്നത്. ഇന്നു കുടുംബാരാധനവരെ അന്യം നിന്നുപോയില്ലേ? അവരുടെ ദാരിദ്ര്യത്തിലും കഷ്ടതയിലും ദൈവത്തിൽ മാത്രം ആശ്രയിച്ചു സന്തോഷത്തോടെ സ്തുതിഗീതങ്ങൾ പാടി തങ്ങളെ രക്ഷിച്ച യേശുകർത്താവിനെ വാഴ്ത്തിസ്തുതിച്ചു. തങ്ങളുടെ തലമുറകളെ കണ്ണുനീരോടെ ദൈവഭയത്തിൽ വളർത്തിയതിന്റെ അനന്തരഫലങ്ങളല്ലേ ഞാനും നിങ്ങളും. ഇന്നത്തെ തലമുറ എങ്ങോട്ട്? നമ്മുടെ സമ്പത്സമൃദ്ധിയിൽ നാം പിൻതലമുറകളുടെ ആത്മീയ വളർച്ച മറന്നു പോകുന്നുണ്ടോ? ജഡമോഹം, കണ്മോഹം ഇങ്ങനെ ലോകം അവരിലേക്ക് തിരമാലകണക്കേ അടിച്ചുകയറുന്നത് നാം കണ്ടില്ലെന്നു നടിക്കുകയാണോ? മാതാപിതാക്കളേ നമുക്കുണരാം. കർത്താവിന്റെ ദിവ്യവെളിച്ചം തലമുറകളിലേക്കു പകരാം. കണ്ണുനീരോടും പ്രാർത്ഥനയോടും അവരെ വളർത്താം. അവർ ആത്മീയരായിത്തീരണം. നമ്മുടെ അയൽക്കാർ, ദേശക്കാർ, ശത്രുക്കൾ പോലും സ്തുതിഗീതം കേൾക്കട്ടെ.

ഒരിക്കൽ ഒരു മുക്കുടിയനായ മനുഷ്യൻ മക്കൾക്കും ഭാര്യക്കും അയൽക്കാർക്കു പോലും പേടിസ്വപ്നമായിരുന്നു. അടിയും, കലഹവും, അസഭ്യവും മാത്രമാണ് മുഴങ്ങിക്കേട്ടിരുന്നത്. എന്നാൽ ഒരുദിവസം താൻ വീട്ടിലേക്കു നടക്കുമ്പോൾ, 'ജീവിതയാത്രക്കാരാ, കാലടികൾ എങ്ങോട്ട്? .... ലക്ഷ്യം നിൻമുന്നിലെന്ത്?" ഒരു കൺവെൻഷൻ പന്തലിൽ നിന്ന് മുഴങ്ങികേട്ടത് തന്നെ ആകമാനം പിടിച്ചുലച്ചു, മാറ്റിമറിച്ചു. തനിക്കു സുബോധം വന്നു. വീട്ടിൽ ചെന്നു വേഗം ഭാര്യയെയും മക്കളെയും കൂട്ടി ആ കൺവെൻഷൻ പന്തലിൽ എത്തുകയും അവിടെ മുഴങ്ങി കേട്ട ദൈവവചനം രക്ഷയുടെ ദൂത്, തന്നെ ഒരു പുതുമനുഷ്യനാക്കിത്തീർക്കുകയും ചെയ്തു. പിന്നീടുള്ള തന്റെ ജീവിതം മറ്റുള്ളവർക്ക് ഈ വെളിച്ചം പകർന്നു കൊടുക്കുന്ന ദൈവദാസനായി കുടുംബത്തിനും സഭയ്ക്കും ദേശത്തിനും അനുഗ്രഹവിഷയമായിത്തീർന്ന സാക്ഷ്യം തന്നിൽ നിന്നു തന്നെ നേരിട്ടു കേൾക്കുവാനിടയായി. ദൈവത്തിന്റെ വഴി അഗോചരവും അത്ഭുതവുമത്രേ. സ്തോത്രം.

കാരാഗൃഹത്തിൽ വലിയ അത്ഭുതം നടക്കുകയാണ്. വലിയ ഭൂകമ്പം, കാരാഗൃഹ വാതിലുകൾ താനേ തുറന്നു, തടവുകാരുടെ ചങ്ങല എല്ലാം അഴിഞ്ഞുവീണു. നല്ല ഉറക്കത്തിലായിരുന്ന കാരാഗൃഹ പ്രമാണി ഉണർന്നു കാണുന്ന കാഴ്ച തന്നെ പരിഭ്രാന്തനാക്കി. തടവുകാരൊക്കെയും, രക്ഷപ്പെട്ടു എന്നു ചിന്തിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഒരുങ്ങി അപ്പൊ. പ്ര. 16:25-27. അപ്പോൾ പൗലൊസ് "നിനക്കു ഒരു ദോഷവും വരുത്തരുത്; ഞങ്ങൾ

ശേഷം പേജ് 23 കാണുക

# ദലീലയുടെ മടിയിൽ ഉറങ്ങുന്ന ശിംശോൻ

അന്നമ്മ സി. ജോൺ



ഇസ്രായേലിൽ രാജാവില്ലാത്ത കാലത്തായിരുന്നു ന്യായാധിപന്മാർ അവരുടെ ഇഷ്ടപ്രകാരം ഭരണം നടത്തിയിരുന്നത്. ഇസ്രായേലിന്റെ ഇരുളടഞ്ഞ കാലഘട്ടമായിരുന്നു ന്യായാധിപന്മാരുടെ കാലം. ശിംശോന്റെ ജനനവും ജീവിതവും എല്ലാ ന്യായാധിപന്മാരുടെ ജീവിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നു. ദൈവനിയോഗപ്രകാരം ജനിച്ച ന്യായാധിപനായിരുന്നു ശിംശോൻ. മറ്റുള്ള ന്യായാധിപന്മാർ അവരുടെ പുരുഷ പ്രായത്തിൽ ന്യായാധിപന്മാർ ആയതാണ്. എന്നാൽ ശിംശോൻ തന്റെ അമ്മയുടെ ഉദരത്തിൽവച്ചു തന്നെ ദൈവത്തിനായി വേർതിരിക്കപ്പെട്ടവനായിരുന്നു. ഇസ്രായേലിന്റെ രക്ഷകനായി തന്നെ ജനിച്ചു.

ശിംശോൻ ഒരു ന്യായാധിപനായി ഒരിക്കലും പ്രവർത്തിച്ചിട്ടില്ല. തന്റെ സ്വന്തം മാർഗ്ഗത്തിൽ കൂടെ ശത്രുക്കളെ തോല്പിച്ചു. എത്ര വലിയ ശത്രുവിനേയും താൻ ഒറ്റയ്ക്കു നേരിട്ടു. ഇസ്രായേലിന്റെ ശത്രുക്കളായിരുന്നു ഫെലിസ്ത്യർ. അവരിൽ നിന്നും ഒരു കന്യകയെ താൻ വിവാഹം കഴിച്ചു. മാതാപിതാക്കൾ ശക്തമായി എതിർത്തു. മനുഷ്യന്റെ ദൃഷ്ടിയിൽ താൻ ചെയ്തത് തെറ്റായി തോന്നിയെങ്കിലും ദൈവദൃഷ്ടിയിൽ അത് തെറ്റായിരുന്നില്ല. ഇവയെല്ലാം ദൈവനിയോഗപ്രകാരം സംഭവിച്ചു. തന്റെ ജഡികസ്വഭാവം ത്യജിക്കുവാൻ തനിക്കു കഴിഞ്ഞില്ല. മാതാപിതാക്കളെ അനുസരിക്കാതെയുള്ള തന്റെ വിവാഹജീവിതം അധികകാലം നീണ്ടു നിന്നില്ല. ഫെലിസ്ത്യർ തന്റെ ഭാര്യയോടു അപമര്യാദയായി പെരുമാറി. അതിന്റെ ഫലമായി ഫെലിസ്ത്യരുടെ കൃഷി താൻ നശിപ്പിച്ചു. ദൈവഹിതപ്രകാരമല്ലാത്ത നടപ്പു ദൈവത്തിന് ഒരിക്കലും ഇഷ്ടമില്ലാത്തതാണ്. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി വേണം നാം നടക്കുന്നത്.

പത്രൊസ് തന്റെ നോട്ടം യേശുക്രിസ്തുവിൽ നിന്നും മാറ്റിയതിനാൽ താൻ വെള്ളത്തിൽ മുങ്ങുവാൻ അതു കാരണമായി. ശിംശോന്റെ അന്ത്യം നമുക്കും സംഭവിക്കാതിരിപ്പാൻ ശ്രമിക്കുക. കാര്യസാദ്ധ്യത്തിനുവേണ്ടി കർത്താവിനെ അനുഗമിക്കരുത്. കാര്യസാദ്ധ്യത്തിനാണെങ്കിൽ ഇപ്പോൾ കൂലിപ്പണിക്കും നല്ല ശമ്പളം ഉണ്ട്. ഏതെങ്കിലും വിധത്തിൽ എനിക്കും കിട്ടണം പണം; നാലുപേർ ജീവിക്കുന്നതുപോലെ എനിക്കും ജീവിക്കണമെന്നുള്ള ചിന്ത പാടില്ല. അയൽക്കാരനെ നോക്കി ജീവിക്കരുത്. സകലരോടും സുവിശേഷം അറിയിക്കുവാനുള്ള നമ്മുടെ നിയോഗം മറക്കരുത്. അത് ഉപദേശിമാർക്കും, പട്ടക്കാർക്കും മാത്രമായിട്ടുള്ള നിയോഗമാണ് എന്ന് ധരിക്കരുത്. അവർക്ക് വേണ്ടി മാത്രമോ യേശുക്രിസ്തു മരിച്ചത്? നമുക്കെല്ലാവർക്കും വേണ്ടിയാണ്. ദൈവത്തിനുവേണ്ടി വ്രതസ്ഥനായ ആൾ ദൈവത്തിന്റെ ഹിതാനുവർത്തി ആയിരിക്കണം. ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാണ്. പഴയതെല്ലാം ഉപേക്ഷിക്കണം. പാപികളുടെ വഴിയിൽ നില്ക്കരുത്. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ദൈവത്തിനായി നിവേദിക്കപ്പെട്ട ശിംശോൻ ഒടുവിൽ എന്തായിത്തീർന്നുവെന്നു വേദപുസ്തകം പരിശോധിക്കുക. ദൈവം ഒരാളെ താഴ്ത്തുകയും മറ്റൊരാളെ ഉയർത്തുകയും ചെയ്യുന്നു.

ദൈവത്തിനുകൊടുക്കേണ്ട മഹത്ത്വം ദൈവത്തിന് കൊടുക്കണം. ആയിരം പേരെ

കൊന്ന മഹത്ത്വം താൻതന്നെ സ്വന്തമാക്കുന്നു (ന്യായാ. 15:18). ശിംശോന്റെ വിവാഹജീവിതം ദയനീയ പരാജയമായിത്തീർന്നു. ആദ്യമായി വിവാഹം കഴിച്ച ഭാര്യ മറ്റൊരുത്തന്റെ ഭാര്യയായിത്തീർന്നു. പിന്നെ താൻ ഗസ്സയിലുള്ള ഒരു വഴിപിഴച്ച സ്ത്രീയുമായി പരിചയപ്പെട്ടു. അവിടെ വച്ചു ഫെലിസ്ത്യർ അവനെ പിടിക്കുവാൻ ശ്രമിച്ചു; നടന്നില്ല. പിന്നീടു ദലീലയെന്നു പേരുള്ള മറ്റൊരു ദുർമാർഗ്ഗിയെ പരിചയപ്പെട്ടു. അവർ ഒരുമിച്ചു പാർത്തു. അതിന്റെ അന്ത്യമോ വലിയ പരാജയമായിരുന്നു. ഒരു ഭോഷനെപ്പോലെ ആ സ്ത്രീയുടെ മുമ്പിൽ താൻ ആയിത്തീർന്നു. അവന്റെ മഹാശക്തിയുടെ രഹസ്യം അവൾക്കു പറഞ്ഞുകൊടുത്തു.

ദൈവത്തിനുവേണ്ടി ദൈവം തിരഞ്ഞെടുത്ത ശിംശോൻ തന്റെ നാസീർവ്രതം തെറ്റിച്ചു. ഇസ്രായേൽ ജനത്തിനു ന്യായാധിപനായി തന്നെ വിളിച്ചു. ആത്മാവിൽ നിറച്ചു. എന്നാൽ താൻ ഇസ്രായേലിനുവേണ്ടി നിലനിന്നില്ല. ഇങ്ങനെയുള്ള ദലീലമാരുടെ ഇടയിൽ ജീവിക്കുന്നതും ഉറങ്ങുന്നതുമായ ധാരാളം കർത്താവിന്റെ വേലക്കാരെ അറിയാം. ആയതിനാൽ നാം ചെയ്യരുതാത്തവ ചെയ്യരുത് എന്നു മറക്കാതിരിക്കുക. ഇടയ്ക്കിടെ ഓർക്കുക. അതാണ് ദൈവജനത്തിന്റെ ഉത്തരവാദിത്വം. കർത്താവിന്റെ വഴിയിൽ നടക്കുക. അതാണ് ഇന്ന് അത്യാവശ്യം. നമ്മുടെ മാതൃകയില്ലാത്ത ജീവിതം കർത്താവിനെ അറിയുവാൻ മറ്റുള്ളവർക്ക് ഇന്ന് വിലങ്ങുതടിയാണ്. ശിംശോൻ ദൈവത്തിനും തന്റെ ജനമായ ഇസ്രായേലിനും വേണ്ടി നിന്നില്ല. അദ്ദേഹത്തിന്റെ അന്ത്യം വളരെ ദയനീയമായിരുന്നു. നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുന്ന ദൈവമല്ല. തന്റെ വഴി തികവുള്ളതാണ്. മറ്റുവഴികൾ ആ തികവുള്ള വഴികൾ അല്ല. ദലീലയുടെ മടിയിൽ ഉറങ്ങുവാനല്ല ദൈവം ശിംശോനെ തിരഞ്ഞെടുത്തത്. ആയതു കൊണ്ട് താൻ പോകരുതാത്ത വഴിയിൽ കൂടെ പോയതിനാൽ ദൈവം അദ്ദേഹത്തെ ശിക്ഷിച്ചു. നില്ക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിക്കുവാൻ സൂക്ഷിക്കുക. വിശ്വാസികൾ ദൈവത്തിന്റെ വഴിയിൽ നടന്നില്ലെങ്കിൽ ദൈവം തരുന്ന ശിക്ഷ വളരെ ദയനീയമാണെന്ന് ശിംശോന്റെ ജീവിതത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

ഇത് ചിന്തിക്കാതെ ക്രിസ്തീയ ജീവിതം തുടങ്ങിയിരിക്കുന്ന വിശ്വാസികൾ എന്നു പറയുന്നവർ ചിന്തിക്കണം. അവർ പുല്ലുപോലെ ഉണങ്ങിപ്പോകും. കർത്താവിന്റെ ഹിതം ചെയ്ത് അവന്റെ വേല തികയ്ക്കുക. ലക്ഷ്യം മാറ്റരുത്. ലക്ഷ്യത്തിൽത്തന്നെ നില്ക്കുക. ശിംശോൻ എന്തുകൊണ്ടാണ് ഫെലിസ്ത്യരുടെ കൈകളിൽ ആയത്? തന്റെ വഴിവിട്ട ജീവിതം തന്നെ അതിലേക്ക് നയിച്ചു. വഴിവിട്ട് ജീവിക്കരുത്. ദലീലയുടെ മടിയിൽ ഉറക്കം താൻ നിർത്തിയിരുന്നെങ്കിൽ ഇപ്രകാരമുള്ള ദയനീയ അവസ്ഥയിൽ താൻ ആകുകയില്ലായിരുന്നു. ഒടുവിൽ രണ്ടു കണ്ണും നഷ്ടപ്പെട്ടു കാരാഗൃഹത്തിൽ മാവു പൊടിക്കുന്ന ആളായിത്തീർന്നതു ഓർക്കുക. ദൈവം തന്നെ ഇസ്രായേലിനു ന്യായാധിപനായി ജനിപ്പിച്ചു. നടപ്പു നന്നാക്കിയില്ല. നമ്മുടെ നടപ്പു സൂക്ഷിക്കുക. പണമല്ല വലിയകാര്യം. ലോകത്തിന്റെ മുമ്പിലാണ് പണം. എന്നാൽ ജീവിക്കുവാൻ പണം വേണം. ദൈവത്തിൽ ആശ്രയിക്കുക. തക്ക സമയത്തു പണം തരുന്ന ഒരു നല്ല കർത്താവു സ്വർഗ്ഗത്തിൽ പിതാവിന്റെ വലഭാഗെ നമുക്കായി ജീവിക്കുന്നു. നമുക്കുവേണ്ടി നമ്മുടെ സകലത്തിനുമായി പക്ഷവാദം കഴിക്കുന്നു. പുത്രന്റെ നാമത്തിൽ എന്തു ചോദിച്ചാലും നിങ്ങൾക്കു ലഭിച്ചു എന്നു വിശ്വസിക്കുക. പിതാവ് അധികാരങ്ങൾ എല്ലാം പുത്രന് കൊടുത്തിരിക്കുന്നു. പിതാവും പുത്രനും ഒന്നു തന്നെയാണ്. പുത്രനോടു ചോദിച്ചു വാങ്ങുക. അതിനായി ദൈവം സഹായിക്കട്ടെ.

**"പരസ്ത്രീയുടെ വായ് ആഴമുള്ള കുഴി ആകുന്നു.**
**യഹോവയാൽ ത്യജിക്കപ്പെട്ടവൻ അതിൽ വീഴും" (സദൃശ. 22:14)**

# സ്ത്രീകളും വിശുദ്ധിയും

സാറാമ്മ ശശി, ചുങ്കപ്പാറ



ലോകത്തിൽ നോക്കിയാൽ മനുഷ്യൻ വിശുദ്ധിക്കു വേണ്ടി പല മാർഗ്ഗങ്ങൾ തേടി അലയുന്നതായി കാണുന്നു. അതിൽ നിന്നു തന്നെ താൻ അശുദ്ധനാണെന്ന് സ്വയം സമ്മതിക്കുകയാണ്. വിശുദ്ധമായ വസ്ത്രം ധരിക്കുന്നതും ശുദ്ധമായ വാക്കുകൾ സംസാരിക്കുന്നതും വിശുദ്ധിയുടെ ലക്ഷണമായി വിചാരിക്കുന്നവരുണ്ട്. എന്നാൽ അശുദ്ധി നിറഞ്ഞതായ ലോകത്തിൽ നാം ആയിരിക്കുമ്പോൾ എപ്രകാരം വിശുദ്ധരായിരിക്കണം. യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുമ്പോൾ നാം വിശുദ്ധരായി തീരുന്നു. (1 യോഹ. 1:7, 1 കൊരി. 1:2, എബ്രാ. 10:10).

വിശുദ്ധിയെന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് അശുദ്ധിയിൽ നിന്നുള്ള വേർപെടൽ എന്നും ദൈവത്തിനായി വേർതിരിയുക എന്നുമാണ്. സങ്കീ. 4:3. ഈ നിലയിൽ യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ വിശുദ്ധന്മാരാണ്. മറിച്ച് എന്തെങ്കിലും സൽപ്രവൃത്തിയുടെയോ ഉന്നത കർമ്മങ്ങളുടെയോ അടിസ്ഥാനത്തിലല്ല ഒരാൾ വിശുദ്ധനാകുന്നത്. നമ്മെ വീണ്ടെടുത്ത കർത്താവ് പറയുന്നു ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ (1 പത്രൊ. 1:15, 16). "നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" കർത്താവായ യേശുക്രിസ്തുവിന് നാം ഹൃദയത്തിൽ കൊടുക്കുന്ന സ്ഥാനമാണ് വിശുദ്ധി.

ഇത്രയും അപകടകരമായ സാഹചര്യം സൃഷ്ടിക്കപ്പെടുവാൻ കാരണം ഞാൻ അശുദ്ധയാണ് വിശുദ്ധയല്ല (അശുദ്ധിസംഭവിച്ചു) എന്നു ഏറ്റുപറയുവാൻ കഴിവില്ലാത്തവരാകുക എന്നുള്ളതാണ്. ഇതു തന്നെയാണ് ഏദനിലും സംഭവിച്ചത്. വിലക്കപ്പെട്ട കനി പറിച്ചു തിന്നു (കല്പന ലംഘിച്ചു) ഇതു സംഭവിച്ചിട്ടു തെറ്റ് (പാപം) ചെയ്തു ക്ഷമിക്കേണമേ എന്നു ദൈവത്തോട് ഏറ്റു പറയുവാനുള്ള മടിയെന്നു മാത്രമല്ല അതിൽ നിന്നും സ്വയം രക്ഷനേടുവാനുള്ള കുറുക്കുവഴികൾ ആസൂത്രണം ചെയ്ത് ഒളിച്ചിരിക്കയാണ്. വിശുദ്ധി നഷ്ടമാകുന്തോറും നമ്മിൽ അശുദ്ധി വളർന്നുകൊണ്ടിരിക്കും. തിരുവചനത്തിലൂടനീളം ഏകദേശം 640 ലധികം പ്രാവശ്യം വിശുദ്ധി എന്ന പദം കാണുവാൻ സാധിക്കുന്നു.

പഴയനിയമകാലത്ത് "ആട്ടുകൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തിയിരുന്നു" (എബ്രാ. 9:13–14). ഇപ്രകാരം ജഡികശുദ്ധി വരുത്തുവാൻ നിരന്തര യാഗം അർപ്പിക്കണമായിരുന്നു. എന്നാൽ പുതിയനിയമ വിശ്വാസികളായ നമ്മെ നിത്യാത്മാവിനാൽ ദൈവത്തിനു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം മൂലം വീണ്ടെടുത്ത് വിശുദ്ധരാക്കി. അഥവാ അശുദ്ധി സംഭവിച്ച് നിർജ്ജീവ പ്രവൃത്തിക്കടിമയായ നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിച്ച് ജീവനുള്ള ദൈവത്തെ ആരാധിക്കുവാൻ വീണ്ടെടുത്തവനായ യഹോവ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ. ലേവ്യ. 19:2,11,14. നാം വിശുദ്ധരാകണമെങ്കിൽ ദൈവത്തിൽ നിന്നു ഉടലെടുത്തവരായിരിക്കണം. അഥവാ രക്തത്താൽ വീണ്ടെടുപ്പു പ്രാപിച്ചവരായിരിക്കണം (1 പത്രൊ. 1:16–18). ആത്മാവിലും ശരീരത്തിലും വിശുദ്ധി പ്രാപിക്കണം. ഇങ്ങനെയുള്ളവർക്കു ഉചിതമായതു എന്തെന്ന് എഫെ. 5:3–6. വാക്യങ്ങളിൽ വ്യക്തമാണ്. കൂടാതെ സങ്കീ. 93:5–ൽ "വിശുദ്ധി നിന്റെ ആലയത്തിന് എന്നേക്കും ഉചിതം തന്നെ". ഈ ആലയം നമ്മുടെ ശരീരമാണ്. ആകയാൽ ഈ

ശേഷം പേജ് 13 കാണുക

# ഭാഗികമായ അനുസരണം



ജെസി ബെൻസെൻ, കൊച്ചി

അനുസരണത്തെ ഭാഗികമെന്നോ പൂർണ്ണമെന്നോ വേർതിരിക്കാനാവില്ല. ഒരു പ്രവൃത്തിയെ അനുസരണമായി കണക്കാക്കണമെങ്കിൽ അത് കൃത്യവും പൂർണ്ണവുമായിരിക്കണം. ഭാഗികമായി മാത്രം പൂർത്തീകരിച്ച പ്രവർത്തനങ്ങളും ശുശ്രൂഷകളും, കല്പനാലംഘനവും അനുസരണക്കേടുമായിട്ടാണ് വിലയിരുത്തപ്പെടുന്നത്.

യഹോവയായ ദൈവം ശൗലിനെ ഭരമേല്പിച്ച ഒരു പ്രവൃത്തി അവൻ ചെയ്തതിനെക്കുറിച്ച് ദൈവം ശമുവേലിനോടു പറയുന്നതും അതേ കാര്യത്തെക്കുറിച്ച് തന്നെ ശൗൽ ശമുവേലിനോടു പറയുന്നതുമായ വാക്കുകൾ തികച്ചും വ്യത്യസ്തങ്ങളായിരുന്നു. ശൗൽ ശമുവേലിനോട് 'ഞാൻ യഹോവയുടെ കല്പന നിവർത്തിച്ചിരിക്കുന്നു' എന്നു പറയുന്നതിന് തൊട്ടുമുമ്പു തന്നെ ദൈവം ശമുവേലിനോട് ''..... അവൻ എന്നെ വിട്ടു മാറിയിരിക്കുന്നു; എന്റെ കല്പനകളെ നിവർത്തിച്ചതുമില്ല'' എന്നാണ് പറഞ്ഞത് (1 ശമു. 15:11,13) താൻ അനുസരിച്ചു എന്ന് ശൗൽ ആത്മവിശ്വാസത്തോടെ പറയുന്ന അതേ കാര്യത്തെക്കുറിച്ചാണ് അവൻ അനുസരിച്ചില്ല എന്നു ദൈവം തീർത്തു പറഞ്ഞത്.

അനേക വർഷങ്ങൾക്കു മുമ്പെ തീരുമാനിച്ചുറപ്പിച്ച് കുറിച്ചുവച്ചിരുന്ന ഒരു പദ്ധതിയായിരുന്നു നടപ്പിലാക്കുവാൻ ദൈവം ശൗലിനെ നിയോഗിച്ചത്. യിസ്രായേൽ ജനത്തെ ദൈവം മിസ്രയീമിൽ നിന്നു വിടുവിച്ചു കൊണ്ടുപോരുമ്പോൾ അമാലേക്യർ അവരെ ആക്രമിച്ച് അവരോട് ചെയ്ത ക്രൂരതയാണ് ദൈവം കുറിച്ചുവച്ച് പ്രതികാരം ചെയ്‌വാൻ ശൗലിനെ ഭരമേല്പിച്ചത്. ''ഞാൻ അമാലേക്കിന്റെ ഓർമ്മ ആകാശത്തിന്റെ കീഴിൽ നിന്നു അശേഷം മായിച്ചു കളയും" (പുറ 17:8-16) എന്നു അരുളിച്ചെയ്തത് നിറവേറ്റുവാനുള്ള ഉത്തരവാദിത്വമായിരുന്നു അത്. ഒരു സാധാരണ യുദ്ധം എന്നതിൽ കവിഞ്ഞ ഒരു പ്രത്യേകത അമാലേക്യരുടെ ആക്രമണത്തിന് ഉണ്ടായിരുന്നു. യിസ്രായേൽ ജനം ക്ഷീണിച്ചും തളർന്നുമിരിക്കുമ്പോൾ, പിമ്പിൽ പിന്നണിയിലുള്ള ബലഹീനരെ ഒക്കെയും സംഹരിച്ചുവെന്നാണ് ആ ആക്രമണത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് (ആവ. 25:17).

അമാലേക്യരെ തോല്പിച്ച് അവർക്കുള്ളത് ഒക്കെയും നിർമ്മൂലമാക്കിക്കളയുക എന്നതായിരുന്നു ശൗലിന്റെമേൽ ഭരമേല്പിക്കപ്പെട്ട ദൗത്യം. ഒന്നും അവശേഷിപ്പിക്കാതെ സകലവും നിർമ്മൂലമാക്കണമെന്നു വ്യക്തവും കൃത്യവുമായി കല്പന നല്കിയിട്ടും ശൗലും ജനവും മേത്തരമായവയൊക്കെയും സംരക്ഷിക്കയും ഹീനവും നിസ്സാരവുമായവയെ ഒക്കെയും നിർമ്മൂലമാക്കുകയും ചെയ്തു (1 ശമു. 15:9).

നിസ്സാരവും ഹീനവുമായത് ഉപേക്ഷിക്കുവാനും നിർമ്മൂലമാക്കുവാനും അവർക്കു യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. എന്നാൽ മേത്തരവും ഉന്നതവുമായവയെ നിർമ്മൂലമാക്കുവാനും ഉപേക്ഷിക്കുവാനും അവർക്കു കഴിഞ്ഞില്ല. ശത്രുവിനുള്ളതിൽ മേത്തരമെന്നോ ഹീനമെന്നോ ദൈവത്തിനു വേർതിരിവില്ല. കുപ്പത്തൊട്ടിയിൽ കൈയിട്ടു വാരുന്നതുപോലെ അവർ തങ്ങൾക്കു മേത്തരമെന്നു തോന്നിയ പലതും നശിപ്പിക്കാതെ സൂക്ഷിച്ചു.

യഹോവയുടെ കല്പനപ്രകാരം അമാലേക്യരെ സംഹരിച്ചതിനാൽ താൻ യഹോവയുടെ കല്പന അനുസരിച്ചിരിക്കുന്നു എന്നാണ് ശൗൽ തെറ്റിദ്ധരിച്ചത്. ആഗാഗിനെ ജീവനോടെ പിടിച്ചതും മൃഗങ്ങളിൽ മേത്തരമായവയെ ജീവനോടെ സൂക്ഷിച്ചതും ഒരു

കുറ്റമായി ശൗൽ കരുതിയതേയില്ല. ആഗാഗിനെ ഒഴിച്ചുള്ള അമാലേക്യരെ മുഴുവനും സംഹരിച്ച തിന്റെയും നിസ്സാരമായ മൃഗങ്ങളെ നശിപ്പിച്ചതി ന്റെയും അടിസ്ഥാനത്തിൽ താൻ ദൈവകല്പന നിവർത്തിച്ചിരിക്കുന്നു എന്ന ഭാവത്തിലും ചിന്തയിലുമാണ് ശൗൽ ധൈര്യത്തോടെ ശമു വേലിനെ അഭിമുഖീകരിച്ചത്.

ദൈവകല്പന പ്രമാണിക്കുന്നതിൽ നാം എത്ര സൂക്ഷ്മതയും ജാഗ്രതയും പുലർത്തണ മെന്ന ഒരു മുന്നറിയിപ്പും കൂടെയാണ് ശൗലിന്റെ അനുഭവത്തിൽ നിന്നും നാം കാണുന്നത്.

ശരിയായ വഴിയേ സഞ്ചരിക്കുന്നു എന്ന ധാരണയിൽ തെറ്റായ വഴിയേ സഞ്ചരിക്കു ന്നതിനേക്കാൾ വലിയ അപകടം വേറെയില്ല. ദൈവമക്കളെന്ന പേരിൽ ലോകമക്കളായി ജീവിക്കുന്ന അപകടത്തെക്കുറിച്ച് നാം കരുതലു ള്ളവരായിരുന്നെങ്കിലേ കഴിയൂ. ദൈവകല്പന അനുസരിക്കുന്നു എന്ന ധാരണയിൽ സാത്താന്റെ ആലോചനയ്ക്കു വഴിപ്പെടുന്നത് ഭയാനക മാണ്. അതെ, ഭാഗികമായ അനുസരണം അനുസ രണമല്ല. അത് അനുസരണക്കേടും കല്പനാ ലംഘനവുമാണ്.

---

പേജ് 11 ന്റെ തുടർച്ച (*സ്ത്രീകളും വിശുദ്ധിയും*)

ശരീരം വിശുദ്ധിയോട് കാത്തു സൂക്ഷിച്ച് വിശുദ്ധിയോടു കൂടി ദൈവത്തെ മഹത്ത്വപ്പെ ടുത്തേണ്ടതാണ്.

സ്ത്രീയുടെ മനസ്സ് എപ്പോഴും മാറി മറിഞ്ഞു കൊണ്ടിരിക്കും. സ്ത്രീയെന്ന പദം നിർവ്വചിക്കുക വളരെ പ്രയാസമാണെന്ന് ചിന്ത കന്മാർ പറഞ്ഞിട്ടുണ്ട്. പഴയനിയമകാലത്ത് സ്ത്രീ ഭവനത്തിൽ മാത്രം ഒതുങ്ങിക്കൂടിയിരി ക്കുവാനേ അനുവാദമുണ്ടായിരുന്നുള്ളു. സഭ യിലും, സമൂഹത്തിലും സ്ത്രീ അസ്ഥാനത്താ യിരുന്നു. എന്നാൽ കർത്താവായ യേശുക്രി സ്തുവിന്റെ ആഗമനത്തോടെ സ്ത്രീകളുടെ സ്ഥാനം ഉയർന്നു. വിശുദ്ധിയിൽ തന്നെത്താൻ കാത്തുകൊണ്ട് അവർ പ്രശസ്തരായിത്തീ ർന്നു. ഇത്രയും അപകടകരമായ വലിയ വിന വരുത്തിവച്ചത് ഒരു സ്ത്രീയുടെ (ഹവ്വാ) മന സ്സിലുണ്ടായ ചിന്തയാണ്. നേരിടുവാൻ പോകുന്ന ഭവിഷ്യത്തുകൾ ഓർക്കാതെ ചെയ്ത പ്രവൃത്തികൾ. ഇത് ദൈവിക വിശുദ്ധി നഷ്ട പ്പെടുത്തിയെന്നു മാത്രമല്ല തലമുറയോടു ചെയ്ത വലിയ പാപമത്രെ. ചിലർ എത്ര വലിയ തെറ്റുചെയ്താലും അവയെ അസത്യ ത്തിന്റെയും അധർമ്മത്തിന്റെയും പുറമോടിയിൽ ഒതുക്കി അങ്ങനെ സംഭവിച്ചു പോയി എന്നു പറയുന്നവരുണ്ട്. പരിഹാര മാർഗ്ഗമുണ്ടെങ്കിലും ഏറ്റു പറയുവാൻ മനസ്സില്ല. ഈ നിലയിലുള്ള പൈശാചിക പ്രവൃത്തികൾ മൂലം വിശുദ്ധി നഷ്ട പ്പെട്ട് അശുദ്ധ പ്രവൃത്തികളിൽ തുടരുന്നു.

സ്ത്രീ ഭവനത്തിൽ എങ്ങനെ വിശുദ്ധയാ യിരിക്കണമെന്നുള്ളതിന് ഉത്തമ ഉദാഹരണമാണ് വിശ്വാസികളുടെ മാതാവായ സാറ. വേഷ വിധാ നവും പുറമേയുള്ള ആഡംബരങ്ങളുമല്ല പിന്നെയോ 1 പത്രൊ. 3:3. സൗമ്യതയും, സാവധാ നതയുമുള്ള മനസ്സ് എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നെ ആയിരിക്ക ണം. അബ്രഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ച് കീഴ്പ്പെട്ടിരുന്നതുകൊണ്ട് വിശുദ്ധ സ്ത്രീകളുടെ ഗണത്തിൽ വരുവാനും, യിസ്രായേൽ ഗോത്രം പണിയപ്പെടുവാനും, ദൈവിക സത്യങ്ങൾ മൂല്യം കുറയാതെ വരുംതലമുറയിലേക്ക് പകർത്ത പ്പെടുവാനും സാധിച്ചു. ഇത് ഏതൊരു വിശുദ്ധ സ്ത്രീയുടെയും കടമയാണ്. അത് നിർവഹിക്കു വാൻ ദൈവം നമ്മെ സഹായിക്കട്ടെ. കൂടാതെ ജീവി താനുഭവത്തിലൂടെ വിശുദ്ധി പ്രാപിച്ചവരായിരിക്ക ണം. സ്ത്രീ വിശുദ്ധിയോടെ ഭവനത്തിൽ പാർത്ത് മക്കൾക്കും മറ്റുള്ളവർക്കും മാതൃകയുള്ളവളായി രിക്കണം. മക്കളെ ശാസിച്ചും, ശിക്ഷിച്ചും പത്ഥ്യോ പദേശത്തിലും വളർത്തുവാനുള്ള കടപ്പാട് സ്ത്രീക്കുണ്ട്. ഹന്നയെപ്പോലെ പ്രാർത്ഥനാ ജീവി തമുള്ളവളായിരിക്കണം. എങ്കിൽ മാത്രമേ ദൈവ സന്നിധിയിൽ എന്നേക്കും പാർത്ത് പുരോഹിത ന്റെയും, പ്രവാചകന്റെയും ന്യായാധിപന്റെയും ശുശ്രൂഷ ചെയ്യുവാൻ ശമുവേലിനെപ്പോലെയുള്ള ഭാവി തലമുറയെ രൂപപ്പെടുത്തുവാൻ സാധിക്കൂ. തിമൊഥെയോസിനെ ശുശ്രൂഷയ്ക്കായി ഒരുക്കി യതിൽ അമ്മയ്ക്കും വലിയമ്മയ്ക്കും നല്ല പങ്കു ള്ളതായി കാണുന്നു. 2 തിമൊ. 1:5. ആകയാൽ വിശുദ്ധിയോടും പ്രാർത്ഥനയോടും ഭവനത്തിൽ വസിച്ച് ഭാവി തലമുറയെ ഒരുക്കുന്നതിനായി പ്രവർത്തിക്കാം. അതിനായി സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# പ്രശ്നസാദ്ധ്യതാ മേഖലകൾ

ഡോ. ഉമ്മൻ ഫിലിപ്പ്, ടൊറന്റോ, കാനഡ



ദൈവമക്കളുടെ കുടുംബജീവിതത്തിൽ കയ്പുള്ള വേരുകൾ മുളയ്ക്കാൻ എന്താണ് കാരണം? ഇവർ ദൈവകൃപ അനുഭവിക്കാൻ വിളിക്കപ്പെട്ടവർ അല്ലേ? ഇവർ നന്നായി കുടുംബജീവിതം ആരംഭിച്ചവർ അല്ലേ? തികച്ചും ന്യായമായ ചോദ്യങ്ങളാണിവ. മാനുഷികമായ ചില അഭിപ്രായ വ്യത്യാസങ്ങളും അപസ്വരങ്ങളും കുടുംബജീവിതത്തിന്റെ തുടക്കകാലങ്ങളിൽ വന്നു ചേർന്നു എന്നുവരാം. കാലക്രമത്തിൽ അതൊക്കെ ക്രമപ്പെട്ടുവരുകയാണ് പൊതുവേ കാണാൻ കഴിയുന്നത്. പക്ഷേ കയ്പ്പുള്ള വേരുകൾ വളരാൻ അനുവദിച്ചാൽ കുടുംബത്തിൽ കലഹവും നീരസവും തദ്വാര വെറുപ്പും വിദ്വേഷവും വർദ്ധിച്ചു വരുകയും അതു കൂടുതൽ പ്രശ്നങ്ങളിലേക്കു നയിക്കുകയും ചെയ്യും. അങ്ങനെ കുടുംബജീവിതത്തിലെ സന്തോഷം ക്രമേണ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിച്ചേരുവാൻ ഇടവരും.

> **ഡോ. ഉമ്മൻ ഫിലിപ്പ് എഴുതിയ "സന്തുഷ്ട ക്രിസ്തീയ കുടുംബം" എന്ന പുസ്തകത്തിൽ നിന്നും**

ദൈവമക്കളുടെ കുടുംബങ്ങളിൽ കയ്പ്പുള്ള വേരുകൾ മുളയ്ക്കുന്നതും വളരുന്നതും ജഡത്തിന്റെ പ്രവൃത്തി മൂലമാണ്. ലോകവും അതിന്റെ രീതികളും ദമ്പതികളുടെ പഞ്ചേന്ദ്രിയങ്ങളിൽക്കൂടി ജഡികസ്വഭാവത്തെ ശക്തിപ്പെടുത്താനായും വളർത്താനായും ശ്രമിക്കും. സാത്താന്യ ശക്തികൾ ജഡത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള സാഹചര്യങ്ങളെയും വ്യക്തികളെയും ദമ്പതികളുടെ ജീവിതത്തിലേക്കു തള്ളിവിടും. അങ്ങനെ ലോകവും സാത്താനും പുറത്തുനിന്നും ശക്തിപ്പെടുത്തുന്നതോടൊപ്പം ജഡം ഉള്ളിൽ അതിന്റെ വികൃതവും ക്രൂരവുമായ ദുർമുഖം പുറത്തെടുക്കുകയും ചെയ്യും. ഇങ്ങനെ കയ്പ്പുള്ള വേരുകൾ വളർന്ന്, പന്തലിച്ച്, കുടുംബജീവിതം പരാജയത്തിന്റെ പടുകുഴിയിൽ നിപതിക്കുവാൻ കാരണമായിത്തീരും. ദാമ്പത്യ ബന്ധവും ദമ്പതികളുടെ ആശയവിനിമയവും കാലുഷ്യം നിറഞ്ഞ ജഡത്തിന്റെ വികൃതസ്വഭാവത്തിന് അടിമകളായിത്തീർക്കും. ഇങ്ങനെ പ്രശ്നാധിഷ്ഠിത മേഖലകൾ ദാമ്പത്യ ജീവിതത്തിൽ വളർന്നു കഠിനമായിത്തീരും.

ആരാണ്, അഥവാ എന്താണ്, വിശ്വാസികളുടെ ദാമ്പത്യ പ്രശ്നങ്ങൾക്ക് പ്രധാന കാരണം? ദമ്പതികളിൽ ഒരാളിന്റെയോ രണ്ടുപേരുടെയോ ആത്മീയ പരാജയമാണ് പ്രശ്നങ്ങൾക്കു കാരണമെന്ന് നിസ്സംശയം കാണാം. ഒരു പങ്കാളിയിൽ ആത്മീയ പരാജയവും പിൻമാറ്റവും സംഭവിക്കുമ്പോൾ തന്റെ ജഡം വിജയിക്കുകയും ജഡിക ചിന്തകളും താൽപര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും മുൻഗണനകളും വളരുകയും ചെയ്യും. ജഡത്തെ പ്രോത്സാഹിപ്പിക്കാനും ശക്തിപ്പെടുത്താനും സാത്താനും ലോകവും വേണ്ട സഹായം ചെയ്തു കൊടുക്കും. അങ്ങനെ ആത്മാവിന്റെ ഫലമായ സ്നേഹം, സന്തോഷം, ദീർഘക്ഷമ തുടങ്ങിയ ആത്മീയ സ്വഭാവങ്ങൾ പങ്കാളികളിൽ കാണാതാവുകയും അവർ തമ്മിൽ ജഡികായുധങ്ങൾ ഉപയോഗിച്ച് ഇടപെടുകയും ചെയ്യും. ഇങ്ങനെ രണ്ടു പേരും ജഡിക ചിന്തകളാൽ വലുതോ, ചെറുതോ

ആയ ജഡിക യുദ്ധം ചെയ്യുകയും ആ യുദ്ധം ക്രമേണ കൊടുമ്പിരിക്കൊള്ളുകയും ചെയ്യുന്നു. ഇത് വാക്കുകൾ ചേഷ്ടകൾ, വാശി, വൈരാഗ്യം, അക്ഷമ തുടങ്ങിയ വിവിധ രൂപങ്ങളിൽ ദമ്പതികളിൽ പ്രതിഫലിക്കുന്നു. ക്രമേണ ഇവർ രണ്ടുപേരും ഈ ജഡിക യുദ്ധത്തിൽ ജയിക്കാനായി കൂടുതൽ ജഡികായുധങ്ങൾ പുറത്തെടുക്കും. ഇതൊക്കെ പരസ്പരം കയ്പ്പും ക്രോധവും വെറുപ്പും വിദ്വേഷവും വർദ്ധിപ്പിക്കാൻ കാരണമായിത്തീരുന്നു. ഇങ്ങനെ കുടുംബജീവിതത്തിൽ പൊട്ടിത്തെറികളും ഒച്ചപ്പാടുകളും മാനസികവും ശാരീരികവുമായ പീഡനങ്ങളും വർദ്ധിച്ചുവരുകയും വിശ്വാസിയുടെ കുടുംബജീവിതം പരാജയത്തിന്റെ പടുകുഴിയിലേക്കു നിപതിക്കുകയും ചെയ്യുന്നു.

ജഡത്തിന്റെ പ്രവൃത്തികൾമൂലം കുടുംബജീവിതങ്ങൾ പരാജയത്തിൽ വീഴാതിരിക്കാനായി എല്ലാ ദൈവമക്കളും ജഡത്തിന്റെ പ്രവൃത്തികളെക്കുറിച്ചും അവ എങ്ങനെ കുടുംബജീവിതത്തിൽ സ്വാധീനം ചെലുത്തുന്നു എന്നും വിവേചിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതിൽ ഏറ്റവും ഭയാനകമായത് സ്വയന്യായീകരണവും സ്വയപ്രശംസയും പങ്കാളിയെ കുറ്റം ചുമത്തലും ആകുന്നു എന്നു നാം ഓർക്കണം.

ജഡത്തിന്റെ പ്രവൃത്തികൾ എന്തൊക്കെയാണ് എന്നു ദൈവവചനം നമുക്കു വ്യക്തമായി പഠിപ്പിച്ചു തന്നിട്ടുണ്ട് (ഗലാത്യർ 5:19-21). ഈ പട്ടികയിൽ 15-ൽ പരം ജഡികപാപ പ്രവൃത്തികൾ ഉൾപ്പെട്ടിരിക്കുന്നു. ഇവയെല്ലാം ഒരുപോലെ ഗൗരവതരങ്ങളായ പാപങ്ങൾ ആകുന്നു എന്നും ഇവയ്ക്കെല്ലാം തമ്മിൽ തമ്മിലും വലിയ സ്വാധീനമുണ്ടെന്നും അങ്ങനെ ജഡിക പ്രവൃത്തികൾ അതീവശക്തിയോടെ ക്രിസ്തീയ കുടുംബജീവിതത്തിൽ ആഞ്ഞടിക്കുമെന്നും നാം ഓർക്കേണ്ടതാണ്. എന്നാൽ ഈ ജഡിക പ്രവൃത്തികൾ എല്ലാം, എല്ലാ ദമ്പതികളിലും, എല്ലാ സമയത്തും, ഒരുപോലെ പ്രതിഫലിച്ചു കണ്ടു എന്നു വരണമെന്നില്ല. ഓരോ വ്യക്തിയുടെയും ആത്മീയ ജീവിതനിലവാരമനുസരിച്ച് വിവിധ ജഡികസ്വഭാവങ്ങൾ വിവിധ സമയങ്ങളിൽ ഏറ്റക്കുറച്ചിലുകളോടെ കണ്ടുവരുന്നു എന്നുള്ളതാണ് പ്രായോഗിക സത്യം.

അനേക വിശ്വാസികളുടെ അനുഭവവെളിച്ചത്തിൽ നമുക്ക് ജഡത്തിന്റെ പ്രവൃത്തികളെ മുൻഗണനാടിസ്ഥാനത്തിൽ വകതിരിച്ച് മനസ്സിലാക്കാം. അതനുസരിച്ച് സാർവ്വത്രികമായി വിശ്വാസികളുടെ കുടുംബജീവിതങ്ങളിൽ കണ്ടുവരുന്ന പ്രശ്നാധിഷ്ഠിതാടിസ്ഥാനത്തിൽ ജഡത്തിന്റെ പ്രവൃത്തികളെ താഴെപ്പറയുന്ന രീതിയിലുള്ള മുൻഗണനാക്രമത്തിൽ മനസ്സിലാക്കാൻ ശ്രമിക്കാവുന്നതാണ്.

1. പിണക്കം, 2. ശാഠ്യം, 3. ക്രോധം, 4. പക, 5. അസൂയ, 6. ഭിന്നത, 7. ദ്വന്ദ്വപക്ഷം, 8. അശുദ്ധി, 9. ജാരശങ്ക, 10. വെറിക്കൂത്ത്, 11. മദ്യപാനം, 12. ദുർന്നടപ്പ്, 13. ദുഷ്കാമം, 14.വിഗ്രഹാരാധന, 15.ആഭിചാരം.

ഈ മുൻഗണനാക്രമം അനുഭവത്തിന്റെയും നിരീക്ഷണത്തിന്റെ പര്യവേഷണത്തിന്റെയും അടിസ്ഥാനത്തിൽ മനസ്സിലാക്കാവുന്നതാണ്. എന്നാൽ എല്ലാവരുടെയും കാര്യത്തിൽ ഇതുപോലെ ആയിരിക്കണമെന്നില്ല. ഏറ്റവും കൂടുതൽ വിശ്വാസികളായ ദമ്പതികളിൽ നിരീക്ഷിക്കാൻ സാധിക്കുന്ന ജഡികസ്വഭാവങ്ങളാണ് ഈ പട്ടികയിൽ ആദ്യമാദ്യം സ്ഥാനം പിടിച്ചിരിക്കുന്നത്. അതനുസരിച്ച് ചിന്തിച്ചാൽ ആദ്യമാദ്യം കാണുന്ന ജഡിക പ്രവൃത്തികളാണ് കൂടുതൽ ദാമ്പത്യ പ്രശ്നങ്ങൾ വിശ്വാസ കുടുംബങ്ങളിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് എന്നു മനസ്സിലാക്കാം. ഈ പട്ടികയിലെ ജഡികസ്വഭാവങ്ങൾ (പ്രാകൃതസ്വഭാവങ്ങൾ) താഴെപ്പറയുന്നവിധം സാമാന്യം തൃപ്തികരമായ നിലയിൽ നിർവ്വചിക്കാവുന്നതാണ്.

**1. പിണക്കം:** ചെറിയ ചെറിയ അപ്രധാന കാരണങ്ങളാൽപ്പോലും പെട്ടെന്ന് പിണങ്ങുന്ന സ്വഭാവമാണിത്. പിണങ്ങിക്കഴിഞ്ഞാൽ ഇണങ്ങാൻ ഇക്കൂട്ടർക്ക് വലിയ പ്രയാസമായി

രിക്കും. പിണക്കം പലപ്പോഴും ചില മണിക്കൂറുകളോ ദിവസങ്ങളോ നീണ്ടുനിന്നു എന്നുവരാം. ഇത് അവരിലെ പ്രാകൃത മനുഷ്യന്റെ ഒരു വികൃത രൂപമാണ്. ഇണങ്ങുവാനോ വിട്ടുകൊടുക്കുവാനോ അവരുടെ സ്വയം (ഈഗോ - Ego) ഒട്ടും സമ്മതിക്കയുമില്ല. ഇത്തരം പിണക്കങ്ങൾ കൂടിക്കൂടിവന്ന് വലിയ പിണക്കങ്ങളും വെറുപ്പും വിദ്വേഷവുമായി പരിണമിച്ച് ദമ്പതികളെ തമ്മിൽ അകറ്റിക്കളഞ്ഞു എന്നുവരാം (1 തിമൊഥെയോസ് 6:3-5).

**2. ശാഠ്യം:** ഒരാളിന്റെ ചിന്തയും ആഗ്രഹവും തീരുമാനങ്ങളും വിട്ടുവീഴ്ചയില്ലാതെ പിടിച്ചുകൊള്ളുകയും അതിൽ അയവില്ലാതിരിക്കയും അതനുസരിച്ച് വാശിയും വൈരാഗ്യവും ഉണ്ടാകയും ചെയ്യുക. ക്ഷമിക്കാനോ താഴ്ന്നു കൊടുക്കാനോ വിട്ടുകളയാനോ മനസ്സില്ലാതെ "താൻ എപ്പോഴും എല്ലാറ്റിലും ശരി" എന്ന സ്വയത്തിന്റെ ചിന്തയാണ് ഈ കഠിനഹൃദയത്തിനു പിമ്പിൽ (ഫിലിപ്പ്യർ 2:3).

**3. ക്രോധം:** ക്ഷിപ്രകോപവും, നീണ്ടുനില്ക്കുന്നതും അടങ്ങാത്തതുമായ ദേഷ്യവും അതോടുചേർന്ന ചേഷ്ടകളും ഒച്ചപ്പാടും, കൂടാതെ സാധനങ്ങൾ എടുത്തെറിയൽ, ഭീഷണി മുഴക്കൽ, ആക്രോശം, വെല്ലുവിളി തുടങ്ങിയവയും ക്രോധത്തിന്റെ ഫലമായി ദമ്പതികളിൽ കാണപ്പെടുന്നു. ഭാര്യയിലും ഭർത്താവിലും ഈ ദുഃസ്ഥിതി കാണാം. ദാമ്പത്യജീവിതത്തിലെ ഏറ്റവും ശക്തനും ക്രൂരനുമായ നീചകഥാപാത്രമാണ് ക്രോധം (എഫെസ്യർ 4:26-27).

**4. പക:** അനിഷ്ടം, വെറുപ്പ്, വിദ്വേഷം ഇതൊക്കെ വാക്കിലും ചേഷ്ടകളിലും പെരുമാറ്റത്തിലുംകൂടി പ്രദർശിപ്പിക്കുന്ന ആഴമേറിയ ഒരുതരം ശത്രുതയാണ് പക (റോമർ 7:15; തീത്തോസ് 3:3).

**5. അസൂയ:** പങ്കാളിയിൽ ഒരാളിന്റെ ഉന്നമനത്തിലോ, നേട്ടത്തിലോ, മേന്മയിലോ ഉണ്ടാകുന്ന അസഹിഷ്ണുതയാണ് അസൂയയായി പുറത്തുവരുന്നത്. രൂപഭംഗി, സാമർത്ഥ്യം, സമൂഹത്തിലെ അംഗീകാരം, ഉദ്യോഗം, സമ്പത്ത്, വ്യക്തിബന്ധങ്ങൾ, സംശയങ്ങൾ ഇതെല്ലാം ഒളിഞ്ഞും തെളിഞ്ഞും മത്സരമായും സൂത്രമായും, തന്ത്രമായും പെരുമാറ്റത്തിൽക്കൂടി പുറത്തുവരുന്ന പ്രാകൃതവികാരമാണ് അസൂയ (1 കൊരിന്ത്യർ 3:3). അസൂയ തകർത്തിട്ടുള്ള ക്രിസ്തീയ കുടുംബങ്ങൾ അനവധിയാണ്.

**6. ഭിന്നത:** കലഹം, മത്സരം, പൊരുത്തമില്ലായ്മ, സ്വരച്ചേർച്ചക്കുറവ്, അനൈക്യം ഇതൊക്കെ മൂലമുണ്ടാകുന്ന അകല്ച്ചയും തത്ഫലമായി ദമ്പതികൾ രണ്ടു ചേരിയിൽ എന്നപോലെ പെരുമാറുകയും ചെയ്യുന്ന ജഡികസ്വഭാവമാണ് ഭിന്നത. ഇത് ഭിന്നിപ്പിലും പിളർപ്പിലും ദമ്പതികളെ കൊണ്ടെത്തിക്കാൻ കാരണമായിത്തീരും (സദൃശവാക്യങ്ങൾ 29:22).

**7. ദ്വന്ദ്വപക്ഷം:** രൂക്ഷമായ അഭിപ്രായവ്യത്യാസം, വിയോജിപ്പുകൾ, വിസമ്മതം തുടങ്ങിയവ മൂലം യാതൊന്നിലും തമ്മിൽത്തമ്മിൽ യോജിക്കാതിരിക്കുന്ന ദമ്പതികൾ യുദ്ധക്കളത്തിലെപോലെ ശത്രുക്കളായി മല്ലടിക്കുന്ന ദുരവസ്ഥയാണ് ദ്വന്ദ്വപക്ഷം (2 കൊരിന്ത്യർ 12:20). രണ്ടുപേരുടെയും പക്ഷം പിടിക്കാൻ അവരുടെ തന്നെ മറ്റു ജഡിക സ്വഭാവങ്ങളും മാത്രമല്ല ചിലപ്പോൾ മാതാപിതാക്കളോ ബന്ധുജനങ്ങളോ മിത്രങ്ങളോ കൂട്ടുവരുകയും ചെയ്യും.

**8. അശുദ്ധി:** ചിന്തിക്കാൻ അറയ്ക്കേണ്ടുന്ന തരത്തിലുള്ള അശുദ്ധമായ ചിന്തകളും ആഗ്രഹങ്ങളും തത്തുല്യമായ പഞ്ചേന്ദ്രിയ ചലനങ്ങളും ചേഷ്ടകളും കൊണ്ട് തിങ്ങിവിങ്ങി നിറഞ്ഞ ബീഭത്സമായ വികൃതമുഖമാണ് അശുദ്ധിയുടേത്. ഇത് സാന്മാർഗ്ഗിക മേഖലയിലും ബിസിനസ്സ് ജീവിതത്തിലും മാനുഷിക ബന്ധങ്ങളിലും പ്രതിഫലിക്കയും പങ്കാളിയിൽ അസഹിഷ്ണുതയും വിദ്വേഷവും ഉളവാക്കുകയും ചെയ്യുന്നു (2 കൊരിന്ത്യർ 7:1; 1 തെസ്സലൊനിക്യർ 4:7).

**9. വെറിക്കൂത്ത്:** ലൗകികമായ മദിരോത്സവങ്ങൾ, ലഹരിക്കൂത്തുകൾ, ഉന്മാദം ഇവ ജീവിതത്തിൽ പകർത്തുകയും ഇത്തരം ആഘോഷങ്ങളിൽ പങ്കെടുക്കുകയും അതിൽ ലയിക്കുകയും ചെയ്യുന്ന ജീവിതത്തെ ഗ്രസിക്കുന്ന അശുദ്ധി നിറഞ്ഞ വ്യക്തിത്വം (തീത്തോസ് 1:6).

**10. ജാരശങ്ക:** പങ്കാളിയുടെ അശുദ്ധമായ മാനുഷിക ബന്ധങ്ങളെക്കുറിച്ചുള്ള സത്യം, മിഥ്യ, സങ്കല്പം, സംശയം തുടങ്ങിയവയാലുള്ള അസഹിഷ്ണുതയും വെറുപ്പും വിദ്വേഷവും പകയും ദുഃഖവും ജാരശങ്കയായി ദമ്പതികളിൽ പ്രതിഫലിക്കുന്നു (റോമർ 13:9; യാക്കോബ് 4;7-10).

**11. മദ്യപാനം:** മദോന്മത്തരായി, ലഹരി ഭ്രാന്തു പിടിച്ച്, അതിന് അടിമകളായി, രഹസ്യമായോ പരസ്യമായോ ജീവിച്ച്, പങ്കാളിയെ അസഹ്യപ്പെടുത്തുകയും പ്രകോപിപ്പിക്കുകയും ചെയ്യുന്ന ജഡിക പ്രവൃത്തിയാണിത്. ഇതിനെ സാഹചര്യങ്ങൾ മറയാക്കി ന്യായീകരിക്കുകയും മരുന്നാണ് എന്നു പറഞ്ഞ് മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുകയും രഹസ്യത്തിൽ ഇതിൽ മുഴുകുകയും ചെയ്യുന്നത് പ്രശ്നവ്യാപ്തിയെ വർദ്ധിപ്പിക്കുന്നു (എഫെസ്യർ 5:18). പുകയിലയുടെ ഉപയോഗം. മീഡിയ വഴിയായ സ്വാധീനം ഇവയാലുള്ള ആസക്തിയും ഇക്കൂട്ടത്തിൽ പെടുന്നു.

**12. ദുർന്നടപ്പ്:** വിവാഹേതര അസാന്മാർഗ്ഗിക ബന്ധങ്ങളും സാന്മാർഗ്ഗിക അധഃപതനവും അശുദ്ധജീവിതവും അത്തരക്കാരോടു ചേർന്നുള്ള സാമൂഹ്യബന്ധങ്ങളും (ലേവ്യർ 20:10, 1 കൊരിന്ത്യർ 6:18; 7:2) ദുർന്നടപ്പിലേക്കുള്ള പാത തെളിയിക്കുന്നു.

**13. ദുഷ്കാമം:** ചാരിത്ര്യഭംഗത്തോടെയുള്ള അസാന്മാർഗ്ഗിക ചിന്തകളും അഭിലാഷങ്ങളും അന്യജഡകാംക്ഷയും അതനുസരിച്ചുള്ള നോട്ടങ്ങളും ഭാവനകളും സ്പർശനങ്ങളും രഹസ്യബന്ധങ്ങളും (2 കൊരിന്ത്യർ 12:21) ദുഷ്കാമ പ്രവൃത്തിയാണ്.

**14. വിഗ്രഹാരാധന:** വ്യക്തികളെയോ വസ്തുവകയെയോ ധനത്തെയോ ദൈവത്തെപ്പോലെ കരുതി, ഒന്നാം സ്ഥാനം കൊടുത്ത്, ആരാധനാഭാവത്തോടെ വീക്ഷിക്കുന്ന മാനസികാവസ്ഥ (1 കൊരിന്ത്യർ 3:5) യാണ് വിഗ്രഹാരാധന.

**15. ആഭിചാരം:** ലക്ഷണം നോക്കൽ, നക്ഷത്രഫലം, ജാതകം, മുഹൂർത്തം, കൂടോത്രം തുടങ്ങിയവയ്ക്കനുസരിച്ച് ജീവിതചര്യകളെ ക്രമീകരിക്കുന്ന വ്യക്തിത്വ വിശ്വാസപ്രമാണങ്ങളും അനുഷ്ഠാനങ്ങളും (ആവർത്തനം 18:10) ആഭിചാരത്തിൽപ്പെടുന്നു.

മേല്പ്പറഞ്ഞതിൽ ഒന്നോ അതിലധികമോ ജഡികപ്രവൃത്തികളാണ് ക്രിസ്തീയ കുടുംബജീവിതത്തെ തകർക്കാൻ ലോകവും സാത്താനും ആയുധങ്ങളായി ഉപയോഗിക്കുന്നത്. അനുതാപവും ഏറ്റുപറച്ചിലും ഇല്ലാത്ത വ്യക്തികൾ ഈ ജഡിക പ്രവൃത്തികൾക്ക് അടിമകളായി പങ്കാളികളെയും തദ്വാരാ തങ്ങളെയും പരാജയപ്പെടുത്തുകയാണ് ചെയ്യുന്നത്. ജഡത്തിന്റെ പ്രവൃത്തികൾക്ക് ലോകവും സാത്താനും ധാരാളം വഴിമരുന്നിട്ടു കൊടുക്കാറുണ്ട്. ഇതു മൂന്നും കൂടി ചേരുമ്പോൾ ആത്മീയ യുദ്ധത്തിൽ ക്രിസ്തീയ ദമ്പതികൾ ദയനീയമായി പരാജയപ്പെടുകയും അവരുടെ കുടുംബജീവിതങ്ങൾ തകർന്നടിയുകയും ചെയ്യുന്നു.

എന്നാൽ ഇതിലൊക്കെയും ജയം പ്രാപിക്കാൻ ക്രിസ്തീയ ദമ്പതികൾക്ക് ആത്മീയ സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അതിനായി അവർ തങ്ങളുടെ ജഡികസ്വഭാവങ്ങളും പരാജയങ്ങളും ഏറ്റുപറഞ്ഞ്, അനുതാപത്തോടെ, ആദ്യമായി ദൈവത്തോടും അതോടൊപ്പം പങ്കാളിയോടും നിരക്കാനും കുടുംബജീവിതത്തിൽ യഥാസ്ഥാനപ്പെടുവാനും ദൈവം സഹായിക്കുവാനായി പ്രാർത്ഥനയിൽ പോരാടേണ്ടിയിരിക്കുന്നു. ⊙

## Quest 83-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
2. സൂസമ്മ എബ്രഹാം, കോത്തല, കോട്ടയം
3. അന്നമ്മ എബ്രഹാം, പെരുമന്നൂർ, കൊച്ചി
4. സി.എം. മാമ്മൻ, നവി മുംബൈ
5. ലീല കെ.വി., പുളിക്കൽ കവല, കോട്ടയം
6. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
7. ജോയമ്മ സാംസൺ, കൊല്ലം
8. എൽസി തോമസ്സ്, മീൻതുള്ളി, കണ്ണൂർ

**Quest 83-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി. വിജയികൾക്കു ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ** - ക്വിസ് മാസ്റ്റർ

# മതം മാറ്റമല്ല മനം മാറ്റം

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം



"പേപ്പട്ടിയെ തല്ലുന്നതുപോലെ അവർ എന്നെ തല്ലി. ആദ്യമൊക്കെ ഞാൻ തല്ലി, തടഞ്ഞുനോക്കി. തല്ലിനെ നേരിടാം. പക്ഷേ കല്ലു വന്നാൽ പ്രയാസമാണ്. ഇടത്തെ കരണത്ത് ഒരടി കിട്ടിയപ്പോൾ കുറെ സമയത്തേക്ക് വണ്ടു മൂളുന്നതുപോലെ തോന്നി. കണ്ണിൽ ഇരുട്ടുകയറി. ഞാൻ നിലത്തു വീണു. പിന്നീട് ബോധമുണ്ടായിരുന്നില്ല. നേരം വെളുത്തുവരുന്നു. ഒരു ശ്വാനപുത്രൻ ഒരുകാൽപൊക്കി സ്വന്തം ആവശ്യം സാധിച്ചത് എന്റെ തലയിലേക്കാണ്. പരിസരബോധം ഉണ്ടായിവരുന്നതേയുള്ളൂ. ഞാൻ കിടക്കുന്നത് ഓടയിലാണെന്ന് ബോദ്ധ്യമായപ്പോൾ തല്ലിക്കുടഞ്ഞ് എഴുന്നേറ്റു. തലേ ദിവസത്തെ ചാരായത്തിന്റെ കെട്ടുവിട്ടിട്ടുണ്ടായിരുന്നുവെന്നു തോന്നി. ഞാൻ എന്നെത്തന്നെ ശപിച്ചുകൊണ്ട് പതുക്കെ നടന്നു. ലക്ഷ്യം ചാരായഷാപ്പുതന്നെ". റാവുത്തർ കഥ പറയുകയായിരുന്നു. ഞാൻ തെല്ലു ഭാരത്തോടെ കേട്ടുകൊണ്ടിരുന്നു.

സ്ഥലം വയനാട്ടിലെ ഒരു ജയിലാണ്. വയനാട്ടിലെ പേടിസ്വപ്നമാണ് റാവുത്തർ. മിക്കവാറും സകല കുസൃതിയിലുമുണ്ടായിരിക്കും. റാവുത്തറെ പലപ്പോഴും അറസ്റ്റു ചെയ്യാറില്ല. കാരണം പലതാണ്. പോലീസിനും ജയിലിനും നിയമത്തിനും ഒന്നിനും റാവുത്തറെ ക്രമപ്പെടുത്താൻ കഴിയുകയില്ല. വയസ്സ് 40 ഉണ്ടെങ്കിലും യൗവ്വനത്തിന്റെ പ്രതാപത്തിൽ തന്നെ. നാട്ടുകാർ ഏല്പിച്ച ചില പാടുകൾ മുഖത്തും ശരീരത്തിലുമൊക്കെയുണ്ട്. മനസ്സിലെന്തെങ്കിലും തോന്നിയാൽ ഉടനെ റാവുത്തർക്ക് അത് സാധിക്കണം. ഇല്ലെങ്കിൽ രക്തം ചൂടാകും. പിന്നെ ആർക്കും നിയന്ത്രിക്കുവാൻ കഴിയുകയില്ല. അടങ്ങാത്ത പക ബാപ്പയോടും ഉമ്മയോടുമുണ്ട്. വേണ്ടതുപോലെ തന്നെ വളർത്തിയില്ല എന്നാണ് പരാതി. കള്ളുചെന്ന് കഴിഞ്ഞാൽ ആദ്യം വിളിച്ചു പറയുന്നത് അതായിരിക്കും. ബാപ്പായുടെ തല്ലും സ്കൂളിലെ മാസ്റ്ററുടെ തല്ലും ഒന്നും തന്നെ ശരിയാക്കിയില്ല. നാട്ടുകാരുടെ തല്ലും ശരിപ്പെടുത്തിയില്ലെന്നാണ് പറയുന്നത്. തിരുത്തലിനപ്പുറമായ കുറ്റവാളി എന്നാണ് പോലീസ് റാവുത്തർക്ക് വിധി എഴുതിയിരിക്കുന്നത്.

> **ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ**
> **"തടവുകാരെ തേടി"**
> **എന്ന പുസ്തകത്തിൽ നിന്നും**

"റാവുത്തർ വന്നിട്ടുണ്ട്. അയാളെ ഒന്നു ഗുണം വരുത്താമെങ്കിൽ ഞങ്ങൾക്കൊരു വലിയ ആശ്വാസമാണ്" എന്ന് വാർഡൻ പറഞ്ഞുകൊണ്ടാണ് ഗേറ്റു തുറന്നുതന്നത്. "ആരെയും ഗുണം വരുത്താൻ എനിക്കു കഴിയുകയില്ല. ഒരു വ്യക്തിയുടെ അടുത്തേക്ക് നയിക്കുക മാത്രമാണ് എന്റെ ജോലി" എന്നു പറഞ്ഞുകൊണ്ട് ഞാൻ അകത്തേക്കു കയറി. റാവുത്തറെ ഞാൻ പലതവണ ജയിലിൽ കണ്ടിട്ടുണ്ട്. എന്നും അയാൾ പറയും സാറെ, ഇതവസാനത്തെ കേസാണ്. മൊട്ടുസൂചി മുതൽ ജംബോജറ്റുവരെ, കോഴി മുതൽ ആനവരെ മോഷ്ടിക്കുവാൻ വിരുതനാണ് റാവുത്തർ. ഏതു പൂട്ടും നിഷ്പ്രയാസം തുറക്കും. "മനുഷ്യനുണ്ടാക്കിയതാണോ സാറെ, മനുഷ്യൻ ഉദ്ദേശിച്ചാൽ തുറക്കുകയും ചെയ്യും" അതാണ് റാവുത്തറുടെ തത്ത്വം. അടിപിടി കേസിലും തീവയ്പിലും ബലാത്സംഗത്തിലും ഒക്കെ പെട്ടിട്ടുണ്ട് ടിയാൻ. "ഞാൻ വളരെ ഭേദ

മാണ്. സമൂഹത്തിലെ മാന്യന്മാരെന്നു നടിക്കുന്ന പലരെയും റാവുത്തർക്ക് അടുത്തറിയാം. ഈശോനബി പറഞ്ഞതു പോലെ പലരും 'വെള്ളയടിച്ച ശവക്കല്ലറകളാ' സാറേ". റാവുത്തർ പറഞ്ഞാശ്വസിക്കുന്നതാണ്. ഖുറാനും ഗീതയും ബൈബിളും വളരെ വായിച്ചിട്ടുള്ള റാവുത്തർക്ക് മനസ്സിൽ വിശ്വാസത്തെക്കാൾ സംശയമാണ് അധികം. മരണാനന്തരം എന്തെങ്കിലും എവിടെയെങ്കിലും ഉണ്ടെന്നു വിശ്വസിക്കുന്നില്ല. പലപ്പോഴും ചില ഉടക്കു ചോദ്യങ്ങളായിരിക്കും തനിക്കുള്ളതും.

സൂപ്രണ്ടിന്റെ മുറിയിൽവച്ച് ഞാനും റാവുത്തറും രണ്ടുമണിക്കൂർ സംസാരിച്ചു. ചോദ്യങ്ങളും ഉത്തരങ്ങളും നിർവ്വചനങ്ങളും വിശദീകരണങ്ങളുമെല്ലാം സംസാര വിഷയങ്ങളായി. മതം, ദൈവം മരണാനന്തര ജീവിതം ഇതൊന്നും സംസാരത്തിൽ കൊണ്ടുവന്നില്ല. ഇവിടുത്തെ ജീവിതത്തെക്കുറിച്ച് മാത്രം. 25 വർഷം കൂടി ജീവിക്കുവാനുണ്ടെങ്കിൽ എന്തൊക്കെ ചെയ്യും, എന്താണ് ലക്ഷ്യം, എന്താണ് ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ, ഇങ്ങനെ കഴിഞ്ഞാൽ മതിയോ, ഒരു നിക്കാഹ് വേണ്ടേ തുടങ്ങി ഈ മണ്ണിൽ മണ്ണിനോടു മാത്രം ബന്ധപ്പെട്ട മേഖലയിലൂടെ സംസാരം നീങ്ങി. ആത്മാർത്ഥതയുള്ളതായിരുന്നു റാവുത്തറുടെ സമീപനം. അത് എന്നിൽ ആശാദീപം കൊളുത്തി. ബാപ്പയോടും ഉമ്മയോടുമുള്ള കടുത്ത വൈരാഗ്യത്തെക്കുറിച്ച് പിന്നീടും സംസാരിച്ചു. ആ സംസാരം പുരോഗമിച്ചത് വളരെ ക്രിയാത്മകമായിരുന്നു. അവരോട് ക്ഷമ ചോദിച്ച് കത്തയയ്ക്കാമെന്നും ഇക്കുറി ഇറങ്ങിയാലുടനെ അവരെ പോയി കാണാമെന്നും റാവുത്തർ സമ്മതിച്ചു. ഞാൻ പോയി എന്തു പറഞ്ഞാലും അവർ വിശ്വസിക്കുകയില്ലെന്നായിരുന്നു റാവുത്തരുടെ വാദം. അത് ശരിയായിരുന്നു. വിശ്വസിക്കാതിരിക്കാനുള്ള ന്യായങ്ങൾ അവർക്കുമുണ്ടായിരുന്നു. പിന്നീടുള്ള സംസാരം റാവുത്തറുടെ സ്വന്തം ജീവിതത്തെ ചുറ്റിപ്പറ്റിയായിരുന്നു. ജീവിതം ഒന്നു പുതുക്കി എടുത്താലെന്താ റാവുത്തറെ? ഇത്രയും കാലം മോഷ്ടിച്ചു. ബാക്കി ഒന്നുമില്ലെന്നാണോ പറയുന്നത്. പലരെ ഉപദ്രവിച്ചു. അവരുടെ കണ്ണുനീർ റാവുത്തറുടെ പുറകിലുണ്ട്. ഒരു വീട്ടിൽ കയറി ഉള്ള വക മോഷ്ടിച്ചാൽ ആ വീട്ടുകാർ അനേക നാളുകൾ ദാരിദ്ര്യം അനുഭവിക്കണം. അവരുടെ ശാപം റാവുത്തറെ വെറുതെ വിടുമോ? സ്ത്രീകളെ മാനഭംഗപ്പെടുത്തിയാൽ അവരുടെ ഭാവിയും കുടുംബവും നശിക്കുകയില്ലേ? ചില ജീവിത യാഥാർത്ഥ്യങ്ങൾ റാവുത്തർ നേരിൽ കണ്ട് ശാന്തമായി ചിന്തിച്ചുകൊണ്ടിരുന്നു. കുറ്റബോധം (Conviction) ഉരുവായി. തെറ്റാണല്ലോ ചെയ്തതെല്ലാം. പശ്ചാത്തപിക്കുവാൻ മുഖാന്തരമായി (Confession). ഒരു വഴിത്തിരിവിന്റെ ആവശ്യബോധം തന്നിലുണ്ടായി (Conversion). റാവുത്തർ നിന്നുകൊണ്ട് സംസാരിക്കുകയായിരുന്നു. ഭിത്തിയിൽ ചാരി അവിടെ ഇരുന്നു. "ദൈവമേ, എന്നോടു ക്ഷമിക്കണമേ" എന്നു പറയുന്നത് ഞാൻ കേട്ടു. റാവുത്തർ ഒരു പുതിയ മനുഷ്യനാകുകയായിരുന്നു.

റാവുത്തർ ഇന്നൊരു കാന്റീൻ കോൺട്രാക്ട് പിടിച്ച് കേരളത്തിലെ വ്യവസായ മേഖലയിൽ കഴിയുന്നു. വിവാഹിതനാണ്. ആ വിവാഹത്തിനു ചെന്ന 'മാന്യ അതിഥി' ഞാനായിരുന്നു. റാവുത്തറുടെ ഭാഷയിൽ, ജീവിതം പന്താടുവാനുള്ളതല്ല. ചൂതുകളിക്കാനുള്ളതല്ല. ചാരായത്തിനും നാട്ടുകാരുടെ ശാപത്തിനും കണ്ണുനീരിനും കാരണമാകുവാനുള്ളതല്ല. ഒന്നേ ഈ ലോകത്തിൽ ഇങ്ങനെ ജീവിക്കയുള്ളൂ. ശരിയായി ജീവിക്കണം. ആരുടെയും മോഷ്ടിക്കരുത്. ആർക്കെങ്കിലും ഉപകാരം ചെയ്യണം. ആരെയും നഷ്ടപ്പെടുത്തരുത്. പരിഹാരം വരുത്തുവാൻ കഴിയാത്തനഷ്ടം അറിഞ്ഞുകൊണ്ട് ആർക്കും വരുത്തരുത്. റാവുത്തറുടെ ഇന്നത്തെ മുദ്രാവാക്യമാണിതെല്ലാം. മരണം കൊണ്ട് ജീവിതം അവസാനിക്കുമെന്നും പിന്നീട് ഒന്നുമില്ലെന്നുമാണ് ഇന്നും റാവുത്തറുടെ മതം. ഒരു കാര്യത്തിന് പലരും സാക്ഷികളാണ് റാവുത്തർ ജീവിതത്തിലേക്ക് മടങ്ങിവന്നു.

# യെരുശലേമിലേക്കുള്ള യേശുവിന്റെ യാത്ര

മോളിക്കുട്ടി ചാക്കോ, കണ്ണൂർ



യേശുക്രിസ്തുവിന്റെ യെരുശലേമിലേക്കുള്ള യാത്രയെക്കുറിച്ച് നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു (മത്താ. 21:11; മർക്കൊ. 11:1-11; ലൂക്കൊ. 19:29-44; യോഹ. 12:12-15). പഴയനിയമ പുസ്തകമായ സെഖര്യാ പ്രവചനം 9:9-ൽ ഇപ്രകാരം വായിക്കുന്നു.

''സീയോൻ പുത്രിയേ ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരുശലേം പുത്രിയേ, ആർപ്പിടുക; ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും, താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു".

പഴയ നിയമപ്രവാചകന്മാരിലൊരാളായ സെഖര്യാവ് ക്രിസ്തുവിന് ഏതാണ്ട് 500 വർഷങ്ങൾക്ക് മുമ്പ് കർത്താവ് കഴുതക്കുട്ടിപ്പുറത്ത് കയറി വരുമെന്ന് പ്രവചിച്ചിരുന്നു. പെസഹ പെരുന്നാൾ ആഘോഷങ്ങൾക്കായി യെഹൂദന്മാർ യെരുശലേമിൽ എത്തിയപ്പോൾ ബേഥാന്യയിൽ നിന്നു യേശു ചെറിയ കഴുതക്കുട്ടിപ്പുറത്ത് വരുന്നു എന്നു കേട്ടപ്പോൾ ഈത്തപ്പനയുടെ കുരുത്തോല വീശി യേശുവിനെ എതിരേറ്റു ചെന്നു "ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ, അത്യുന്നതങ്ങളിൽ ഹോശന്ന" എന്നു ആർത്തു. യേശു ഒരു ചെറിയ കഴുതയെ കണ്ടിട്ട് അതിന്മേൽ കയറി "സീയോൻ പുത്രി, ഭയപ്പെടേണ്ടാ; ഇതാ നിന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്തു കയറി വരുന്നു എന്നു എഴുതിയിരിക്കുന്നതു പോലെ തന്നേ" (യോഹ. 12:12,15).

ഹോശന്നാ എന്നാൽ 'ഇപ്പോൾ രക്ഷിക്ക' എന്നർത്ഥം. യെഹൂദന്മാരുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ് ഈത്തപ്പനയുടെ കുരുത്തോല. താൻ യിസ്രായേലിന്റെ രാജാവു തന്നെയാണ്. എന്നാൽ ഐഹികരാജ്യം സ്ഥാപിക്കുവാൻ അല്ല യേശുക്രിസ്തു വന്നത്. തന്റെ തിരു അവതാരലക്ഷ്യം മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി മരിക്കുക എന്ന ദൈവോദ്ദേശ്യം നിറവേറ്റാനായിരുന്നു. ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന കുഞ്ഞാടായിട്ടാണ് വന്നത്. ക്രിസ്തുവിനു മാത്രമേ നരകത്തിൽ നിന്നും പാപത്തിൽ നിന്നും യഥാർത്ഥ സ്വാതന്ത്ര്യം നല്കുവാൻ കഴികയുള്ളൂ. പിതാവാം ദൈവം തന്റെ പുത്രനെ ലോകത്തിലേക്കു അയച്ചതിന്റെ ഉദ്ദേശ്യം ദൈവത്തിന്റെ സൃഷ്ടിയെ നിത്യമരണത്തിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടിയാണ്. യേശു കഷ്ടതയനുഭവിക്കയും ക്രൂശിന്മേൽ മരിക്കയും ചെയ്യേണ്ടിയിരുന്നു. അതിനുള്ള സമയം ആയപ്പോൾ യേശു യെരുശലേമിലേക്കു യാത്ര ചെയ്തു വരുന്നു. സാധാരണ യേശുവിന്റെ യാത്ര കൂടുതലും കാൽനടയായിട്ടാണ്. സമയമായപ്പോൾ കഴുതക്കുട്ടിപ്പുറത്ത് യാത്ര ചെയ്ത് യെരുശലേമിലേക്ക് വരുന്നു. വാഹന മൃഗമായ കഴുത ആരും ഒരിക്കലും കയറിയിട്ടില്ലാത്ത മൃഗം. കർത്താവ് സമാധാനത്തിന്റെ ചിഹ്നമായ ചെറുകഴുതപ്പുറത്ത് ആദ്യത്തെ പ്രാവശ്യം വന്നത് സമാധാനം നല്കിതരുവാനാണ്. എന്നാൽ വെളിപ്പാടിൽ വായിക്കുന്നു വെളുത്ത കുതിരപ്പുറത്തു കയറി രണ്ടാമതു വരുവാൻ പോകുന്നു. കുതിര യുദ്ധത്തിന്റെ ചിഹ്നമാണല്ലോ? ഇവിടെയും സമാധാനം നല്കുവാനാണ് വരുന്നത്. എങ്ങനെയെന്നാൽ സകല അനീതിയും ദുഷ്ടതയും മാറ്റി

സമാധാനം നല്കുവാൻ പോകുന്നു. ആദ്യം യേശുവന്നത് മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി മരിക്കുവാനാണ്. ഇനിയും കർത്താവ് വരുന്നത് സമാധാനത്തോടും നീതിയോടും ഭരണം നടത്തുവാനാണ്. ഇവിടെയാണ് യഥാർത്ഥത്തിലുള്ള വിജയ പ്രവേശനം സംഭവിക്കുന്നത് (സങ്കീ. 24:7-10).

**കഴുതയുടെ പ്രത്യേകതകൾ :** ഒന്നാമതു അത് ജന്മനാതന്നെ ശപിക്കപ്പെട്ട ജീവിയാണ്. ഒരു പാപിയുടെ സ്ഥാനവും സ്ഥിതിയും കാണിക്കുന്ന ഒരു ദൃഷ്ടാന്തമാണ്. കഴുതയുടെ കടിഞ്ഞൂലിനെ ഒക്കെയും ആട്ടിൻകുട്ടിയെക്കൊണ്ടു വീണ്ടുകൊള്ളേണം. അതിനെ വീണ്ടു കൊള്ളുന്നില്ലെങ്കിൽ കഴുത്ത് ഒടിച്ചുകളയണം എന്നാണ് ന്യായപ്രമാണം അനുശാസിക്കുന്നത് (പുറ. 13:13). ദൈവത്തിന്റെ വീണ്ടെടുപ്പ് വേലയിൽ ശപിക്കപ്പെട്ട ഈ മൃഗത്തെയും ഉൾപ്പെടുത്തിക്കൊണ്ട് ദൈവം മഹാപാപികളായ നമ്മെ രക്ഷിച്ച് തന്റെ മഹാ വലിയ രക്ഷയെ വെളിപ്പെടുത്തുന്ന സംഭവമാണിത്. നാം എല്ലാവരും പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൻകീഴ് ജനിച്ചവരാണ് (റോമ. 8:2). ആദാമിൽ നാം എല്ലാവരും പാപികളും തന്മൂലം മരണയോഗ്യരുമത്രെ (റോമ. 5:12, 1 കൊരി. 15:22). മരണവിധിയോടെ ജനിച്ച കഴുതയ്ക്കു ജീവൻ ലഭിക്കുവാൻ ദൈവം ഒരു കുഞ്ഞാടിനെ നേരത്തെ തന്നെ വേർതിരിക്കയും തക്കസമയത്ത് അതിന്റെ കഴുത്ത് ഒടിച്ചുകളയുകയും ചെയ്തു. നിർദ്ദോഷിയായി രക്തം ചൊരിയപ്പെട്ട ഈ കുഞ്ഞാട് കർത്താവായ യേശുവിന്റെ നിഴലത്രേ. “ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്നാണ് സ്നാപക യോഹന്നാൻ വിളിച്ചു പറഞ്ഞത്. ഈ കുഞ്ഞാട് മുഖാന്തരമാണ് നമുക്ക് പുതുജീവനും അക്ഷയതതയും ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നത്. ക്രിസ്തുവിന്റെ മരണത്താൽ നമ്മുടെ മരണത്തെ ദൈവം നീക്കിക്കളഞ്ഞിരിക്കുന്നു. യേശു നമുക്കായി ശാപമരണം സ്വീകരിച്ചതിനാൽ നമ്മുടെ ശാപം നീക്കിയിരിക്കുന്നു (ഗലാ. 3:13).

2. രണ്ടാമതായി കഴുത ഒരു അശുദ്ധമൃഗമാണ് (ലേവ്യ. 11:3).

അശുദ്ധമൃഗമായ കഴുത ജാതികളെക്കുറിക്കുന്നുണ്ട്. ദൈവദൃഷ്ടിയിലും വിശുദ്ധ മൃഗങ്ങളായ യെഹൂദജാതിയുടെ മുമ്പിലും ജാതികൾ അശുദ്ധരാണല്ലോ. യാഗപീഠത്തിലെ കനൽ നാവിനെ തൊടുവിച്ചപ്പോൾ യെശയ്യാവിന്റെ അശുദ്ധി നീങ്ങി അവൻ ശുദ്ധനായി. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1 യോഹ. 1:7). കർത്താവായ യേശു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ നാം എന്നേക്കുമായി വിശുദ്ധരായിരിക്കുന്നു. നമ്മെ തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരുമായി നിർത്തേണ്ടതിന് കർത്താവായ കുഞ്ഞാടിന്റെ ചങ്കിലെ രക്തം ചൊരിഞ്ഞു വീണ്ടെടുത്തു. ആകയാൽ ഇനി നാം അശുദ്ധരല്ല.

3. മൂന്നാമതായി: ഈ കഴുത എതിരേയുള്ള ഗ്രാമത്തിൽ കെട്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ കെട്ടഴിക്കാൻ അതിന്റെ അടുക്കലേക്ക് ആരെങ്കിലും ചെന്നില്ലെങ്കിൽ ഒരുനാളും ഒരു വിടുതൽ ഉണ്ടാകുമായിരുന്നില്ല. എതിരേയുള്ള ഗ്രാമം ലോകത്തിന്റെ ചിത്രം ആണ്. കൂടാതെ ഒരു പാപിയുടെ ശരിയായ സ്ഥാനവും സ്ഥിതിയും കാണിക്കുന്ന ഒരു ദൃഷ്ടാന്തമാണ് ഈ കഴുത. ലോകം എന്നും ദൈവത്തിനും ദൈവജനത്തിനും എതിരെയാണ്. കെട്ടപ്പെട്ട കഴുത പാപത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്ന മനുഷ്യരുടെ പ്രതിനിധിയാണ്. കർമ്മാചാരപരമായ കെട്ടുകളിൽ സാമുദായിക കയറുകളാൽ കെട്ടപ്പെട്ടു കിടക്കുന്നവരെ പുറത്തു കൊണ്ടുവരണം. അധികം പേരും ഇതിൽ കെട്ടപ്പെട്ടവരാണ്. ബദ്ധന്മാർക്കു വിടുതൽ നല്കാനാണ് കർത്താവ് വന്നത് (യെശ. 61:1). സ്വാതന്ത്ര്യത്തിന്റെ സന്ദേശവുമായി രണ്ടുപേരെ വീതം കർത്താവു എതിരെയുള്ള ഗ്രാമത്തിലേക്ക് അയയ്ക്കുന്നു. കെട്ടഴിക്കുന്നവർക്കും കെട്ടഴിയുന്നവർക്കും ഒരു പോലെ സന്തോഷമുള്ള ജോലിയാണ് സുവിശേഷഘോഷണമെങ്കിലും എതിരെയുള്ള ഗ്രാമങ്ങളിൽ ചെല്ലുമ്പോഴുണ്ടാകുന്ന പ്രതികരണങ്ങൾ നമ്മെ നിരുത്സാഹ

പ്പെടുത്തുന്നവയായിരിക്കും. എന്നാൽ കർത്താവിന്റെ നാമത്തിൽ പോയാൽ അവയെ അതിജീവിക്കാൻ കഴിയും എന്നു കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു. ആകയാൽ നാം ഉറപ്പുള്ളവരും കുലുങ്ങാത്തവരുമായി കർത്താവിന്റെ വേലയിൽ വർദ്ധിച്ചുവരണം. യേശുക്രിസ്തു മുഖാന്തരം ജയം നല്കുന്ന ദൈവത്തിനു സ്തോത്രം പറയാം. അവൻ കഴുതയേയും കുട്ടിയേയും അഴിക്കുന്നവനാണ്. കർത്താവായ യേശുവിൽ വിശ്വസിച്ചാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും (പ്രവൃ. 16:31, 34).

**കഴുതയെ വസ്ത്രം ധരിപ്പിക്കുന്നു.**

ഇത് യേശുവിന്റെ അടുക്കൽ വരുന്നവർക്കു ലഭിക്കുന്ന നീതീകരണത്തെ കാണിക്കുന്നു (റോമ. 5:1). ഇവിടെ കഴുത ഒന്നും ചെയ്യുന്നില്ല. രക്ഷ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ദാനമത്രെ (വെളി. 7:10). മുടിയൻ പുത്രൻ പിതാവിന്റെ ഭവനത്തിൽ മടങ്ങിവന്നപ്പോൾ ആദ്യം കിട്ടിയത് മേല്ത്തരമായ അങ്കിയാണല്ലോ? അവൻ എന്നെ രക്ഷാവസ്ത്രം ധരിപ്പിച്ചു നീതി എന്ന അങ്കി ഇടുവിച്ചിരിക്കുന്നു (യെശ. 61:10). വസ്ത്രം ധരിപ്പിക്കപ്പെട്ട കഴുതയെ ഒന്നു ശ്രദ്ധിക്കുക; അതിന്റെ സ്വാഭാവിക ശരീരം മറെക്കപ്പെട്ടിരിക്കുന്നു. ഇത് ആരാണ് ചെയ്തത്. കെട്ടഴിച്ചു യേശുവിന്നരികിൽ കൊണ്ടു വന്ന ശിഷ്യന്മാർ തന്നെയാണ്. അതിനെ കുളിപ്പിച്ച് വസ്ത്രം അണിയിക്കുന്നത്. ദൈവദാസന്മാർക്കുള്ള രണ്ടുവിധ ശുശ്രൂഷയെ ഇത് ഓർമ്മിപ്പിക്കുന്നു. രക്ഷിക്കപ്പെട്ടവരെ ക്രിസ്തുവിൽ തികഞ്ഞവരാക്കി നിർത്തുവാൻ പൗലൊസ് അദ്ധ്വാനിച്ചു. സുവിശേഷങ്ങൾ പാപിയുടെ കെട്ടഴിക്കുവാനുള്ള യേശുവിന്റെ ക്രൂശുമരണമാണ് ലേഖനങ്ങൾ യേശു രാജാവിനായി ഒരുക്കുന്നതും വസ്ത്രം അണിയിക്കുന്നതുമാണ്. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു (2 കൊരി. 5:17).

യേശു കഴുതയുടെ പുറത്തുകയറിയിരുന്നു. ഇപ്പോൾ കഴുതയുടെ ഉടമസ്ഥൻ മാറി. പുതിയ നേതാവിനെയും പുതിയ കൂട്ടുകാരെയും കിട്ടി. വിരിച്ചൊരുക്കിയ പുതുവഴിയിൽ കൂടെ മഹത്ത്വത്തിന്റെ രാജാവിനെയും വഹിച്ചുകൊണ്ട് സ്വന്തമല്ലാത്ത വസ്ത്രംധരിച്ച് വിജയ ഭാവത്തിൽ സീയോനിലേക്കു പോകുന്ന കഴുതയുടെ മുന്നിലും പിന്നിലും വലിയ കൂട്ടമുണ്ട്. അവർ ഹോശന്നാ പാടി കഴുതയെ പ്രോത്സാഹിപ്പിക്കുന്നു. അവർ ആർപ്പിട്ടു (ലൂക്കൊ. 19:37) ഒലിവുമലയിറക്കത്തിൽ നിന്നു അവർ യരുശലേമിനെ കണ്ടു. അതിന്റെ മിന്നിത്തിളങ്ങുന്ന ഗോപുരങ്ങൾ അതാ അവരെ അങ്ങോട്ട് ആകർഷിക്കുന്നു. സീയോൻ യാത്രക്കാരെ അതാ നമ്മുടെ നഗരം എന്നു പറഞ്ഞു ആർപ്പിടും. പ്രിയരെ! നമ്മുടെ യാത്ര തീരാറായി നമ്മുടെ രാജാവ് തന്റെ നഗരത്തിൽ സിംഹാസനസ്ഥനാകുവാൻ പോകുന്നു. അവൻ നഗരത്തിൽ കടന്നപ്പോൾ നഗരം ഇളകി. ഇവൻ ആർ എന്നുള്ള ശബ്ദം അന്തരീക്ഷത്തിൽ അലയടിക്കാൻ തുടങ്ങി. അവൻ പുരുഷാരവുമായി നഗരത്തിൽ കടന്നു. അവിടെ ഒരു ശുദ്ധീകരണ വേല നടത്തി. നമ്മുടെ കർത്താവ് വീണ്ടും വരും. ലോകത്തിൽ നിന്ന് എല്ലാ ഇടർച്ചകളേയും എന്നേക്കുമായി നീക്കം ചെയ്യും. അവൻ ദാവീദിന്റെ സിംഹാസനത്തിൽ രാജാവായി വാഴും. ലോകരാജത്വം കർത്താവിന്നും അവന്റെ വിശുദ്ധന്മാർക്കും നല്കും. ഈ കാഴ്ചപ്പാടോടെ നമുക്ക് അനേകരുടെ കെട്ടുകളെ അഴിക്കാം അവരെ പുതുവസ്ത്രം ധരിപ്പിക്കാം.

നാം ഒരു കാലത്ത് സാമുദായിക കയറുകളാൽ കഴുതയെപ്പോലെ കെട്ടപ്പെട്ടവരായി കിടന്നവരായിരുന്നു. ഒരിക്കലും അവിടെ നിന്നു രക്ഷപ്പെടാൻ കഴിയാതെ അവിടെ കിടക്കേണ്ടിയവരായിരുന്നു. യേശുകർത്താവിന്റെ ശിഷ്യന്മാർ നമ്മുടെ അടുത്തേക്കു വന്നു. നമ്മുടെ കെട്ടുകളെ അഴിച്ചു നമ്മെ സ്വതന്ത്രരാക്കി. യേശുകർത്താവിന്റെ മക്കളാക്കി എത്രയോ ഭാഗ്യപദവി നമുക്ക് ലഭിച്ചു. എന്നാൽ കഴുതയുടെ കിടപ്പ് ഒരു കുറ്റിയിൽ കെട്ടിയിരിക്കുന്നു. അതിനുചുറ്റും വട്ടം കറങ്ങികിടക്കുകയല്ലാതെ ഒന്നും ചെയ്യുവാൻ അതിനു കഴിയുകയില്ല. ചെളിയിൽ കിടന്നുകറങ്ങുക മാത്രം ആരെങ്കിലും അഴിച്ചുവിട്ടാൽ മാത്രം. കർത്താവിന്റെ ശിഷ്യന്മാർ അതിനെ

അഴിച്ചു കൊണ്ടുപോയി വസ്ത്രം ധരിപ്പിച്ച് കർത്താവ് അതിന്മേൽ കയറി ഇരുന്നു. യെരുശലേം നഗരത്തിലേക്കു സൗമ്യനായി ശാന്തനായി ക്രിസ്തുവിനെ വഹിച്ചു കൊണ്ട് നേരെ നഗരത്തിലേക്കു പോകുന്നു. ആരും ഒരു നാളും കയറിയിട്ടില്ലാത്ത കഴുത കർത്താവ് പുറത്ത് കയറിയപ്പോൾ മെരുക്കമില്ലാത്ത മൃഗത്തിന്റെ സ്വഭാവം കാണിച്ചില്ല. സൗമ്യനായി കർത്താവിനെയും വഹിച്ചുകൊണ്ട് അനുസരണമുള്ള മൃഗമായി നടന്നു പോകുന്ന കാഴ്ച ഒന്നു ചിന്തിക്കുക. ഒരു പക്ഷേ അതിനു മനസ്സിലായി കാണും ഞാൻ വഹിച്ചു കൊണ്ടു പോകുന്ന മനുഷ്യൻ "എന്റെ സ്രഷ്ടാവും രക്ഷകനും ആണ്" എന്ന്. നാം ഓരോരുത്തരും കർത്താവിനെ ചുമക്കുന്ന കഴുതകളാണ്. നാം കർത്താവിനെ വഹിച്ചുകൊണ്ട് സ്വർഗ്ഗഭവനത്തിലേക്ക് യാത്ര ചെയ്യുന്നവരാണ്.

നാം ഒരു കാലത്ത് കഴുതകളെപ്പോലെ നാശകരമായ കുഴിയിലും, കുഴഞ്ഞചേറ്റിലും കിടന്നവരാണ്. അവിടെ നിന്നും സുവിശേഷകന്മാർ നമ്മുടെ അടുത്തേക്കു വന്നു. നമ്മെ കൈപിടിച്ചു കയറ്റി ക്രിസ്തുവാകുന്ന പാറമേൽ നിറുത്തി. നമ്മുടെ വായിൽ പുതിയൊരു പാട്ടു തന്നു; പിന്നെ പുതിയ കൂട്ടുകാർ പുതിയ ഹൃദയം, നീതിയിൽ വസ്ത്രം അണിയിച്ചു (സങ്കീ. 40:2)

---

പേജ് 8 ന്റെ തുടർച്ച (*"ജീവിതത്തിലെ അർദ്ധരാത്രിയെ......"*)

എല്ലാവരും ഇവിടെ ഉണ്ടല്ലോ" എന്നു ഉറക്കെ വിളിച്ചു പറഞ്ഞു. കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ചുകൊണ്ടു ദൈവദാസന്മാരുടെ കാല്ക്കൽ വീണു, അവൻ ഭയപ്പെട്ടു വിറച്ചു പോയി. "യജമാനന്മാരേ രക്ഷ പ്രാപിപ്പാൻ ഞാനെന്തു ചെയ്യേണം?" അവൻ അധികാരികളിൽ നിന്നുള്ള രക്ഷയാണ് ചോദിച്ചത്. കർത്താവിന്റെ ദാസൻ നിത്യരക്ഷയുടെ ദൂതു പറയുവാൻ വീണുകിട്ടിയ അവസരം തക്കത്തിൽ ഉപയോഗിച്ചു. "കർത്താവായ യേശുവിൽ വിശ്വസിക്ക എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും" എന്നുള്ള ദൈവവചനം അവനോടും വീട്ടിലുള്ള എല്ലാവരോടും പറഞ്ഞു. അവർ വിശ്വസിച്ചു, സ്നാനം ഏറ്റു വീടടക്കം സന്തോഷിച്ചു. അപ്പൊ. പ്ര. 16:29-34. യജമാനനായിരുന്ന അവൻ ദാസനും തടവുപള്ളികൾ യജമാനന്മാരും ഏന്തൊരു പ്രതിഭാസം!!

പ്രിയ ദൈവജനമേ, നമ്മുടെ ജീവിത യാത്രയിൽ എത്രയോ പ്രാവശ്യം നമുക്കു ലഭിച്ച അവസരങ്ങൾ, നാം പാഴാക്കിയിട്ടുണ്ട്. നമ്മെ സമീപിക്കുന്നവരോടും രക്ഷകനെക്കുറിച്ചു പറയുന്നുണ്ടോ? മനുഷ്യരുടെ മുമ്പിൽ എന്നെക്കുറിച്ചു ലജ്ജിക്കുന്നവരെ എന്റെ പിതാവിന്റെ മുമ്പിൽ ഞാനും ലജ്ജിക്കും. കർത്താവിന്റെ ഈ വാക്കു നാം ശ്രദ്ധിക്കുക. നാം സേവിക്കുന്ന ദൈവം എത്ര ശ്രേഷ്ഠൻ സർവ്വോന്നതൻ. നമ്മെത്തന്നെ ശോധന ചെയ്തു തെറ്റുകൾ സമ്മതിക്കാം. തിരുത്തി മുന്നേറാം. യേശുനാഥനെ രക്ഷകനും കർത്താവുമായി മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാം. നീതിസൂര്യന്റെ വെളിച്ചം നമ്മിൽ കൂടെ മറ്റുള്ളവരിലേക്കു പകരാം. മഹാനും ഭയങ്കരനും അതേ സമയം സർവ്വശക്തനുമായ ദൈവത്തിന്റെ നാമമഹത്ത്വത്തിനായി ജീവിക്കാം. അന്ധകാരത്തെ അത്ഭുത പ്രകാശമാക്കാം. ഹേ! മരണമേ നിന്റെ ജയം എവിടെ....' 1 കൊരി 15:55 എന്നു ചോദിച്ചു. കല്ലറയെയും റോമാ ഗവണ്മെന്റിന്റെ മുദ്രയെയും പൊട്ടിച്ച് ജയഭേരി മുഴക്കി പുനരുത്ഥാനം ചെയ്തു ഇന്നു സ്വർഗ്ഗത്തിൽ പിതാവിന്റെ വലതു ഭാഗത്തിരുന്നുകൊണ്ട് നമുക്കു വേണ്ടി പക്ഷവാദം ചെയ്യുന്ന കർത്താവിനു വേണ്ടി നമ്മുടെ ജീവിതം സമ്പൂർണ്ണമായി സമർപ്പിക്കാം. 'കഴിയുമെങ്കിൽ ചിലരെ തീയിൽ നിന്നും (നിത്യാഗ്നിയിൽ) വലിച്ചെടുത്തു രക്ഷിക്കാം. യൂദാ. 23. വിലാപഗീതങ്ങൾ പാടേണ്ടിടത്തു സ്തുതിഗീതങ്ങൾ പാടാം. അവന്റെ വലിയ നാമം ഇന്നും എന്നേക്കും മഹത്ത്വപ്പെടുമാറാകട്ടെ. ആമേൻ.

# FINDING JOY IN ADVERSE CIRCUMSTANCES

**Dr. Helen Abraham, Chennai**



We often hear the saying life is full of ups and downs. The 'ups' are interpreted as success or smooth-sailing and the 'downs' interpreted as difficulties or failures. The ups are full of joy and pleasure whereas the downs are filled with pain and sorrow. The feeling of joy is generally believed to be only associated with the 'ups' of life. This is why we feel 'low' when sickness, failures or adversities hit us. We complain when things don't happen our way, we are worried when we don't get what we deserve in spite of hard work and sincere efforts, we are perplexed when facing an uncertain future, we ask God 'why me?' when in the midst of suffering. But what does the Bible tell us about the 'downs' and 'lows'? How are we to react to adverse circumstances? How should our response be different as a Christian?

**1. Rejoice in hope**

The word 'rejoice' has been mentioned more than 240 times in the Bible. This emphasizes the importance of being joyful in our Christian journey. The Bible tells us to rejoice 'in' the Lord, rejoice 'before' the Lord and rejoice 'always'. We do not always have situations conducive for rejoicing. Life on earth is often dominated by worry and sorrow as reactions to our difficulties. So how does one rejoice when a loved one is lost? Or how do I rejoice when I am ill-treated or abused?

In Acts 16: 22-25, we read the attack against Paul and Silas. They were stripped, beaten with rods, severely flogged and thrown into prison with a jailer to guard them. They were put in the inner cell and their feet were fastened. About midnight Paul and Silas were praying and singing hymns to God, and the other prisoners were listening to them. They were rejoicing in the Lord even through all the physical suffering and mental agony they underwent. How amazing that God has given us all this ability to rejoice in Him, in His eternal blessings, in His salvation, the joy of which far surpasses the sorrow and pain of any extent of earthly suffering. In our adversities, let us like Paul and Silas, REJOICE that nothing can separate us from the love of God and nothing can take away His gift of salvation from us.

**2. Joyful and steadfast in trials**

The way we respond to trials and temptations should have a stark difference from people of the world as believers. We ought not to throw tantrums, cry, fight or be anxious when encountering difficult situations. The Bible tells us in James 1:2 "Count it all joy, my brothers, when you meet trials of various kinds". We need to react the exact opposite of how one would normally do in the face of trials, with JOY.

We also read in James 1:12 "Blessed is the man who remains steadfast under trial, for when he has stood the test he will receive the crown of life, which God has promised to those who love him". The word steadfast means to remain resolutely or dutifully firm and unwavering. We can be steadfast if we really believe that God is in control of every situation that we face, however helpless may feel. We see an example of a person who remained steadfast in all the trials he faced in the word of God. Job was extremely blessed by God and pleased God in his life. When his perfectly happy life was hit by a series of concurring devastating events, like losing all his wealth, his children and even his own health, he was not quick to respond in anger, sorrow or frustration. He remained steadfast in all the trials he faced. Even when his wife kept adding fuel to the fire of agony that was already kindling in him, he did not blame God. Let us like Job, remain steadfast, no matter how great the magnitude of the trials we face.

**3. Be constant in prayer**

The Bible shows us that one of the best ways to deal with trials is to submit it to God in Prayer. Prayer is a gateway through which we can take all the burdens we carry, all the heavy loads that cause us anxiety and worry to God's feet. We must not waste time by worrying, rather spend time in making known our requests unto God with whom all things are possible. Prayer does wonders, miracles that are too great for our earthly minds to comprehend. When we commune with God, God listens to us and answers our prayers. How are we to pray? 1 Thessalonians 5 : 17 says "Pray without ceasing". What does it mean to pray without ceasing? How can we get anything done if we never stop praying? Praying without ceasing is to connect with God on a deeper level, which enables us to always pray in the Spirit, conscious of God who is listening even when we don't utter the words aloud, or when we are not kneeling down in the privacy of our rooms. It is to spend our entire day communing with God, conversing silently, about the smallest of matters, irrespective of time or the place we may be in, working or driving or whatever it is we may be doing.

In the Scripture we read about Daniel whose prayer life could not be interrupted by anyone. Daniel prayed 3 times a day, in the privacy of his room without fail. He was so disciplined in this that it troubled the people who worked around. They could not bear to see Him continue his prayer life unaffected although he lived in a land where people worshipped idols. They could not help seeing that this did not affect the King's affection for Daniel. The circumstances we live or work in may not be favorable for us because of our faith. But when we pray without ceasing, God hears and honors us.

We read in Daniel 10:12 "Do not fear, Daniel, for from the first day that you set your heart to understand, and to humble yourself before your God, your words [prayers] were heard. How wonderful to have a God who hears us anywhere, anytime. Let us pray without ceasing whenever we face trials.

Bible Quiz 84

(ഈ ലക്കം QUEST –84 ലെ ചോദ്യങ്ങൾ വെളിപ്പാടു പുസ്തകത്തിൽ നിന്നാണ്)

1. എന്തിനു വേണ്ടിയാണ് സർപ്പത്തെ പാതാളത്തിലേക്കു എറിഞ്ഞ് വാതിൽ മുദ്ര വച്ചത്?
2. പുതിയ യരുശലേമിന്റെ മതിലിന്റെ അടിസ്ഥാനം അലങ്കരിക്കുന്ന പന്ത്രണ്ടാമത്തെ രത്നം ഏതാണ്?
3. ആറാമത്തെ ദൂതൻ കലശം എടുത്ത് ഏതു മഹാനദിയിലാണു ഒഴിച്ചത്?
4. അബദ്ദോൻ എന്ന വാക്കിന്റെ അർത്ഥം?
5. ഭൂമിക്കടിയിൽ നിന്നും കയറിവന്ന രണ്ടാമത്തെ മൃഗത്തിന്റെ കൊമ്പുകൾ എങ്ങനെയുള്ളവ ആയിരുന്നു?
6. പുതിയ യരുശലേമിന്റെ അക്കരെയും ഇക്കരെയും ഉള്ള വൃക്ഷം ഏത്?
7. സ്വർഗ്ഗം തുറന്നപ്പോൾ വെള്ളക്കുതിരയുടെ പുറത്ത് വന്നവനെ എന്താണു വിളിക്കപ്പെട്ടിരുന്നത്?
8. സൂര്യനെ അണിഞ്ഞ സ്ത്രീയുടെ തലയിൽ എത്ര നക്ഷത്രമുള്ള കിരീടമാണ് ഉണ്ടായിരുന്നത്?
9. ശിരസ്സിൽ സ്വർണ്ണക്കിരീടവും കൈയിൽ അരിവാളുമായി മനുഷ്യപുത്രനെപ്പോലെയുള്ള ഒരുവനെ എവിടെയാണു കണ്ടത്?
10. ഏഴാമത്തെ ദൂതൻ കാഹളം മുഴക്കിയപ്പോൾ ശ്രേഷ്ഠന്മാർ ദൈവത്തെ ആരാധിച്ചു; അപ്പോൾ എന്താണു സംഭവിച്ചത്?
11. രക്താംബരം ധരിച്ചിരുന്ന സ്ത്രീ ആര്?
12. പരീക്ഷകളുടെ സമയത്ത് ഫിലാദെൽഫ്യയിലെ സഭയെ സംരക്ഷിക്കുമെന്നു പറഞ്ഞത് എന്തുകൊണ്ട്?
13. യാഗപീഠത്തിലെ കനൽകൊണ്ടു നിറച്ച ധൂപകലശം ദൂതൻ ഭൂമിയിലേക്കു എറിഞ്ഞപ്പോൾ എന്താണു സംഭവിച്ചത്?
14. സിംഹാസനസ്ഥന്റെ വലംകൈയിൽ കണ്ടത് എന്താണ്?
15. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന ദൂതൻ എന്തിനാലാണ് ഭൂമിയെ പ്രകാശിപ്പിച്ചത്?
16. എത്രാമത്തെ മുദ്ര പൊട്ടിച്ചപ്പോഴാണ് ആകാശനക്ഷത്രങ്ങൾ വീണത്?
17. സ്വർഗ്ഗത്തിലെ സിംഹാസനസ്ഥൻ കാഴ്ചയിൽ എങ്ങനെ ആയിരുന്നു?
18. സ്മുർന്നസഭയ്ക്കു ജീവകിരീടം കിട്ടണമെങ്കിൽ അവർ എന്തു ചെയ്യണം?
19. ഇസ്രയേൽ മക്കളുടെ സകല ഗോത്രങ്ങളിൽ നിന്ന് മുദ്ര ഏറ്റവർ എത്ര?
20. ഏഴു നക്ഷത്രം എന്തിനെ സൂചിപ്പിക്കുന്നു?

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്വസ്റ്റ് 84- ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2022 ആഗസ്റ്റ് 20 നു മുമ്പായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :

ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 011, കേരളം

## QUEST– 83 ന്റെ ശരി ഉത്തരങ്ങൾ

1. ബെയോർ (1 പത്രൊ. 2:15)
2. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം (യാക്കോ. 2:8)
3. ദിയൊത്രെഫേസ് (3 യോഹ. 9)
4. തേജസ്സിന്റെ വാടാത്ത കിരീടം (1 പത്രൊ. 5:4)
5. ദുഷ്ടന്റെ (1 യോഹ.5:19)
6. യേശുക്രിസ്തുവിന്റെ (1 പത്രൊ.2:22)
7. 3 സംവത്സരവും, 6മാസവും (യാക്കോ. 5:17)
8. ദൈവത്തിന്റെ കല്പനകളെ പ്രമാണിച്ച് അവന് പ്രസാദമുള്ളത് നാം ചെയ്യണം (1 യോഹ. 3:22)
9. സോദോം ഗൊമോറ (2 പത്രൊ. 2:6,7)
10. പൊന്നിനേക്കാൾ (1 പത്രൊ. 1:7)
11. അവൻ തന്റെ ആത്മാവിനെ തന്നതിനാൽ (1 യോഹ.4:13)
12. സൗമ്യത (യാക്കോ. 3:13)
13. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ( 2 പത്രൊ. 3:9)
14. എട്ടുപേർ (1 പത്രൊ. 3:20)
15. ദൈവത്തോട് (യാക്കോ. 4:4)
16. ഭയത്തെ (1 യോഹ. 4:18)
17. ദൈവത്തിന്റെ (യാക്കോ. 1:20)
18. സത്യത്തിന് വിരോധമായി പ്രശംസിക്കുകയും ഭോഷ്ക് പറയുകയും അരുത് (യാക്കോ. 3:14)
19. പാപം (യാക്കോ.4:17)
20. ചിതറിപ്പാർക്കുന്ന 12 ഗോത്രങ്ങൾക്കുവേണ്ടി (യാക്കോ. 1:1)

Published by George John, Good News, Akkulam Road, Trivandrum 695 011
Printed at Grace Printers, Muttada. Mob: 9447059891